മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 09 | THE ONLINE OFFICIAL NEWS BULLETIN | 2026 February 26

SEASON OF THE GREAT LENT ✤ വലിയ നോമ്പുകാലം ✤ ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
1  3 Mshari'o (Paralytic) 3rd Sunday of Great Lent Comm. of Mar Anthrayos Bava (St. Marys Church, Kallada)	2 7	3 3	4 7	5 3	6 7	7 3



മലങ്കരസഭയുടെ സഹോദരൻ ജീവകാരുണ്യ പദ്ധതി നാലാം വാർഷികം നിരണം പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. റോണി വർഗീസ് ഏബ്രഹാം, ഫാ. ഡോ തോമസ് വർഗീസ് അമയിൽ, നിരണം പള്ളി ഇടവകാംഗമായ കെ. ജി. മാർക്കോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റോമോസ്, സ്വാമി നിർവ്വിണ്ണാനന്ദ, ഡോ.തോമസ് മാർ കൂറിലോസ്, അഡ്വ.ബിജു ഉമ്മൻ, നിരണം പള്ളി വികാരി ഫാ. ഷിബു തോമസ് ആമ്പല്ലൂർ, ട്രസ്റ്റി മോഹൻ എം. ജോർജ്ജ് മട്ടയ്ക്കൽ, സെക്രട്ടറി തോമസ് ഫിലിപ്പ് വിഴലിൽ എന്നിവർ സമീപം.

വിശുദ്ധ നിമിഷത്തിനായി മലങ്കരസഭ ഒരുങ്ങുന്നു വിശുദ്ധ മൂറോൻ കൂദാശ മാർച്ച് 27-നു



മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 92-ാം ഓർമ്മപ്പെരുന്നാളിന് കൊടിയേറി. പരിശുദ്ധ പിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം പഴയ സെമിനാരിയിൽ വിശുദ്ധ കുർബാനയ്ക്ക് ശേഷം ചെങ്ങന്നൂർ ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് കൊടിയേറ്റ് കർമ്മം നിർവഹിച്ചു. വൈദികർ, സെമിനാരി വിദ്യാർത്ഥികൾ, വിശ്വാസികൾ എന്നിവർ സന്നിഹിതരായിരുന്നു. സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



മലങ്കരസഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ 92-ാം ഓർമ്മപ്പെരുന്നാൾ

2026 ഫെബ്രുവരി 22 മുതൽ 28 വരെ
കോട്ടയം പഴയ സെമിനാരിയിൽ

ഒരുക്കങ്ങൾ വിലയിരുത്തി
പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

കോട്ടയം: എട്ടു വർഷത്തിനു ശേഷം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വിശുദ്ധ മൂറോൻ കൂദാശയ്ക്കായി ഒരുങ്ങുന്നു. വലിയ നോമ്പിലെ നാൽപ്പതാം വെള്ളിയാഴ്ച്ച (2026 മാർച്ച് 27) മലങ്കര സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ ശുശ്രൂഷകൾക്ക് വേദിയാകും. സഭാ ചരിത്രത്തിലെ 11-ാം മൂറോൻ കൂദാശയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ മുഖ്യകാർമ്മികത്വം വഹിക്കും. സഭയുടെ മെത്രാപ്പോലീത്താമാർ സഹകാർമ്മികരാകും. ഇവർക്കൊപ്പം അർക്കദിയാക്കോൻ, 12 വൈദികർ, 12 പൂർണശെമ്മാശൻമാർ, 12 ഉപ ശെമ്മാശൻമാർ എന്നിവർ 7 മണിക്കൂറോളം നീണ്ട് നിൽക്കുന്ന വിശുദ്ധ കർമ്മങ്ങളുടെ ഭാഗമാകും.

സ്വയംശീർഷക സഭകളുടെ തലവൻമാരായ പാത്രിയർക്കീസും, കാതോലിക്കായും മാത്രമാണ് ഓർത്തഡോക്സ് വിശ്വാസ പാരമ്പര്യ പ്രകാരം വി. മൂറോൻ കൂദാശ നടത്തുന്നത്. പൗരസ്ത്യ കാതോലിക്കായായി നിയോഗിതനായ ശേഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ പ്രധാന കാർമ്മികനാകുന്ന ആദ്യ മൂറോൻ കൂദശയാണിത്. മൂറോൻ എന്ന വാക്കിന്റെ അർത്ഥം സുഗന്ധതൈലം എന്നാണ്. മലങ്കരസഭയുടെ ലോകമെമ്പാടുമുള്ള ദേവാലയങ്ങളിൽ മാമോദിസാ, പള്ളികളുടെ കൂദാശ എന്നിവയ്ക്കായി ഈ വിശുദ്ധതൈലം ഉപയോഗിക്കുന്നു.

മലങ്കരസഭാ ആസ്ഥാനത്ത് ചേർന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വി. മൂറോൻ കൂദാശയുടെ ഒരുക്കങ്ങൾ വിലയിരുത്തി. വിശുദ്ധ മൂറോൻ കൂദാശയുടെ ക്രമീകരണങ്ങൾക്ക് കൊല്ലം ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അധ്യക്ഷനായ സമിതിയെ പരിശുദ്ധ കാതോലിക്കാ ബാവാ ചുമതലപ്പെടുത്തി. 2018 മാർച്ചിലാണ് മലങ്കര സഭയിൽ ഇതിന് മുൻപ് വിശുദ്ധ മൂറോൻ കൂദാശ നടന്നത്.


ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

23-5-58. വെള്ളി. രാവിലെ കുർബാന ഉണ്ടായിരുന്നു. താമരവേലിൽ വർഗീസ് കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ജോർജ്ജ് കത്തനാർ നമ്മെ വന്നു കണ്ടു. കൊച്ചുണ്ണിയും ഇവിടെ വന്നു. ചർച്ച് വീക്കിലിയിൽ നിർഭാഗ്യകരം എന്ന ഒരു വാർത്ത സുന്നഹദോസിലെ നിശ്ചയങ്ങളെ വിമർശിച്ച് എൻ. എം. ഏബ്രഹാം എഴുതിയതിനെ സംബന്ധിച്ച് ജോർജ്ജ് കത്തനാരെ പറഞ്ഞറിയിച്ചു. അവർക്ക് ചർച്ച് വീക്കിലിയിലെ ഈ എഴുത്തിൽ കൈയുണ്ടെന്നു തോന്നുന്നു. ഇന്ന് അല്പം ജലദോഷം തോന്നി. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി. കൂറിലോസ് മെത്രാച്ചൻ എം.ഡി. യിൽ വൈദിക ധ്യാനയോഗം കഴിഞ്ഞു വന്ന് ഇന്നലെ മുതൽ നമ്മോടു കൂടി താമസിക്കുന്നു.

24-5-58. രാവിലെ നമസ്ക്കാര ശേഷം ഇവിടെ അരമനയിൽ വിശ്രമിച്ചു. ജോഷ്വാ കത്തനാർ ഉച്ചയോടുകൂടി വന്നു കണ്ടു. അയാൾ നമ്മെ കുറെ നാളുകളായി വന്നു കാണാതെ ഇരിക്കുകയായിരുന്നു. പൊതുവെ ആരോഗ്യസ്ഥിതി മെച്ചമായിരുന്നു. സന്ധ്യയ്ക്ക് കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചു വന്നു. അയാളുടെ മകളും മരുമകനും വന്നു കണ്ടു. നമുക്ക് ഒരു പുതപ്പും കുറെ നെയ്യും, തേനും, വീഞ്ഞും കൊണ്ട് കാഴ്ച വച്ചു. കൂറിലോസ് മെത്രാച്ചൻ തിരികെ പുതുപ്പള്ളിയിൽ യൂത്തുലീഗിന്റെ വാർഷികത്തിനു പോയി. നാം നാളെ ഉച്ചയ്ക്കു അവിടെ ചെല്ലാമെന്ന് പറഞ്ഞു. 10 മണിയോടു കൂടി ഉറങ്ങി. നാളെ പെന്തിക്കോസ്തി പെരുന്നാൾ.



25-5-58. ഞായർ. ഇന്ന് പെന്തിക്കോസ്തി പെരുന്നാൾ. നാം തന്നെ ചൊല്ലി. ശുശ്രൂഷകൾ നടത്തി. 11 1/4 മണിയ്ക്കു എല്ലാം തീർന്നു. മല്പാൻ യോഹന്നാൻ കത്തനാരും .... കത്തനാരും, അലക്സാണ്ടർ കത്തനാരും അതിൽ സംബന്ധിച്ചു. നമ്മുടെ ശെമ്മാശ്ശന്മാർ മൂന്നുപേരും ഉണ്ടായിരുന്നു. ഇന്ന് ഉച്ചയോടു കൂടി (2 മണിക്ക്) പുതുപ്പള്ളിയിൽ യൂത്ത് ലീഗിന്റെ വാർഷികത്തിന് മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. മാർ ഈവാനിയോസ്, മാർ കൂറിലോസ് എന്നീ മെത്രാച്ചന്മാരും 300-ഓളം യുവജനങ്ങളും ഇടവകജനങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. ചർച്ച് വീക്കിലിയിൽ എൻ. എം. ഏബ്രഹാം എഴുതിയതിനെപ്പറ്റി നാം ശക്തിയായി എതിർത്ത് പ്രസംഗിച്ചു. ചർച്ച് വീക്കിലി നമ്മുടെ ചർച്ചിന്റെ ആണെന്ന് തെറ്റിദ്ധരിക്കരുത്. ഇനിയും അങ്ങനെ തെറ്റിദ്ധരിച്ച് ആരും വാങ്ങിക്കരുത്. നമ്മുടെ വിശ്വാസത്തിന് വിപരീതമായി യാതൊരു പ്രവർത്തനത്തിനും യാതൊരുത്തന്റെയും നടപടികൾക്കും (വി. സി. ശമുവേലച്ചന്റെ കല്യാണം) നാം അനുവദിക്കുകയില്ല. അങ്ങനെയുള്ളവൻ നമുക്കു വേണ്ട. അവരുടെ കൂട്ടുകാരെ നമുക്ക് വേണ്ട താനും എന്ന് ശക്തിയായി നാം എതിർത്തു പറഞ്ഞു. യോഗം 5 മണിയോടു കൂടി തീർന്നു. തിരികെ മടങ്ങുമ്പോൾ പാറാട്ടെ മെത്രാച്ചന്റെ വീട്ടിൽ കയറി കാപ്പി കുടിച്ചു. അരമനയിൽ മടങ്ങിയെത്തി സുഖമായി താമസിച്ചു. റ്റി. സി. ഉമ്മൻ നമ്മെ വന്നു കണ്ടു. അവനെ എനിക്കു മേലാൽ കാണേണ്ട കാര്യമില്ലായെന്ന് പറഞ്ഞയച്ചു. അവൻ നമുക്ക് വിരോധിയാണ്. മുമ്പ് യുവജനസമാജം സെക്രട്ടറിയായിരുന്നു. അവൻ പോകട്ടെ. നമുക്ക് ഇന്നു അല്പം ചുമയും പനിയും അനുഭവപ്പെട്ടു. അരമനയിൽ സുഖമായി 10 മണിയോടുകൂടി ഉറങ്ങി. ഇന്ന് മൂത്രത്തിൽ ഷുഗർ കൂടുതൽ ഉണ്ടായിരുന്നു.

26-5-58. തിങ്കൾ. വി. അഹറോൻ ബാവായുടെ ഓർമ്മപെരുന്നാൾ. രാവിലെ കുർബാനയുണ്ടായിരുന്നു. താമരവേലിൽ വറുഗീസ് കത്തനാർ കുർബാന ചൊല്ലി. 9 1/4 മണിക്ക് നാം പത്തിച്ചിറ പള്ളിയിലേക്ക് പുറപ്പെട്ടു. മട്ടയ്ക്കലെ മെത്രാച്ചന്റെ അനന്തരവൻ നെല്ലിക്കൽ ചാക്കോച്ചന്റെ കല്യാണത്തിനു പോയി. അവിടെ 10 മണിയോടു കൂടി എത്തി. കല്യാണം നടത്തി. അവൻ നമുക്ക് 101 രൂപായും വധു 25 രൂപായും കൈമുത്തു തന്നു. 3 മണിയോടു കൂടി തിരികെ മടങ്ങി. ആ പള്ളിയിൽ നിന്നും 200 രൂപാ സമുദായക്കേസിനും 15 രൂപാ റിശ്ശീസായും തന്നു. ബാക്കി പണം പുറകെ അയച്ചു തരുന്നതാണ്. മടങ്ങി വന്നപ്പോൾ തിരുവല്ലാ അരമനയിൽ കയറി ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ടു. മെത്രാച്ചനോടു ചർച്ച് വീക്കിലിക്കാരനെ പ്രതിഷേധിക്കുന്ന വിവരം പറഞ്ഞു. മെത്രാച്ചൻ ശക്തിയായി നിൽക്കുന്നുണ്ട്. ഇവിടെ 5 1/2 മണിയോടു കൂടി മടങ്ങിയെത്തി ചേർന്നു. സന്ധ്യാനമസ്ക്കാരം, കുളി, അത്താഴം, പുസ്തകവായന, സൂത്താറ ഇവയ്ക്കു ശേഷം 10 മണിക്കു സുഖമായി ഉറങ്ങി. ഇന്നും ഷുഗർ ഉള്ളതുകൊണ്ട് കുത്തിവച്ചു. ചുമയും പനിയും ഇന്നും തോന്നുന്നുണ്ട്. നാം ഇന്ന് നൈനാനോട് അല്പം ദേഷ്യപ്പെട്ടു സംസാരിച്ചു. നൈനാന് പിണക്കം തോന്നുന്നു.

27-5-58. ചൊവ്വാ. ദേവലോകം അരമനയിൽ. രാവിലെ നമസ്ക്കാരം, കാപ്പി കുടി ഇവ കഴിഞ്ഞ് വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം കോയമ്പത്തൂർ പള്ളിയിൽ നിന്നും കുറിയാക്കോസ് ഒ.ഐ.സി. ഫോൺ ചെയ്തു വിവരം അറിയിച്ചു. അവിടെ വികാരിയായിരിക്കുന്ന ചുണ്ടുമണ്ണിൽ കത്തനാർ അവിടെ പാത്രിയർക്കീസ് കക്ഷിക്കാരെ കയറ്റാൻ ശ്രമിക്കുന്നുവെന്നും മറ്റും കാണിച്ചായിരുന്നു അവിടെ നിന്നും അയാളെ മാറ്റി കല്പന കൊടുത്തതാണ് കാരണം. പാത്രിയർക്കീസ് കക്ഷിക്കാർ കയ്യേറ്റം നടത്താൻ സാദ്ധ്യതയുള്ളതായി അറിഞ്ഞു. നമ്മുടെ കാർ തിരുവല്ലായിക്കയച്ചിട്ടു മാർ ദീവന്നാസ്യോസ് മെത്രാച്ചനെ തിരുവല്ലായിൽ നിന്നും ഇവിടെ വരുത്തി. കോയമ്പത്തൂർ പള്ളിയിൽ പോയി അവിടെയുള്ള വഴക്കുകൾ ഉടൻ അവസാനിപ്പിക്കാൻ മെത്രാച്ചനു കല്പന കൊടുത്തു. മെത്രാച്ചൻ പോയി യുക്തംപോലെ ചെയ്യട്ടെ. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു.

28-5-58. ബുധൻ. രാവിലെയാണ് മെത്രാച്ചൻ കോയമ്പത്തൂർക്ക് പോയത്. പഴയസെമിനാരി മാനേജരച്ചനെ കൂടി മെത്രാച്ചന്റെ കൂടെ നമ്മുടെ കാറിൽ

അയച്ചു. ചുണ്ടുമണ്ണിൽ കത്തനാരുടെ എഴുത്ത് ഇന്ന് നമ്മുടെ പേർക്ക് വന്നു. അതിൽ അയാൾ രാജി വച്ചു കൊള്ളാം എന്ന് കാണിച്ചിരുന്നു. അയാൾ ധിക്കാരിയാണ്.

29-5-58. വ്യാഴം. അരമനയിൽ. രാവിലെ 5 മണിയോടുകൂടി എഴുന്നേറ്റു നമസ്ക്കാരം, കാപ്പി, പത്രവായന ഇവയ്ക്കുശേഷം ഇവിടെ വിശ്രമിച്ചു. നമുക്ക് ഇന്നും പനിയുണ്ട്. ഇന്നു പരുമല സെമിനാരി മാനേജർ ഇവിടെ നമ്മെ വന്നു കണ്ടു. ഒരു പവൻ അവിടെ നിന്നും കൊണ്ടുവന്നു നമ്മെ ഏല്പിച്ചു. വളഞ്ഞവട്ടം പള്ളിക്കാർ ഇവിടെ വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ അവരെ അവഗണിച്ചു കല്പന കൊടുത്തു എന്നും മറ്റും പറഞ്ഞാണ് വന്നത്. നാം അവർക്ക് തല്ക്കാലം അവരുടെ സങ്കടനിവർത്തിക്കുവേണ്ടി ഒരു കല്പന കൊടുത്തിട്ടുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമല്ലായിരുന്നു. മെത്രാച്ചന്റെ ഫോൺ ഇവിടെ കിട്ടി. അച്ചൻ കുഴപ്പം ഉണ്ടാക്കാത്ത രീതിയിൽ ആക്കിത്തീർത്തു. ഞായറാഴ്ച അവിടെ കുർബാന മെത്രാച്ചനാണ് ചൊല്ലുന്നത്. അതു കഴിഞ്ഞേ മെത്രാച്ചൻ വരികയുള്ളൂ. ഇന്ന് സുഖമായി ഉറങ്ങി.

30-5-58. വെള്ളി. സ്വർണ്ണ വെള്ളിയാഴ്ച. അരമനയിൽ തന്നെയായിരുന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. രാവിലെ കുർബാന ഉണ്ടായിരുന്നു. മല്പാനച്ചൻ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇടവകക്കാർ ആരുംതന്നെ സംബന്ധിച്ചില്ല. നമ്മോടുകൂടെ കോശി ശെമ്മാശ്ശനും, ശമുവേൽ ശെമ്മാശ്ശനും താമസിക്കുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

31-5-58. ശനിയാഴ്ച. അരമനയിൽ തന്നെ താമസിച്ചു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, പത്രവായന, കാപ്പികുടി, മരുന്നു കുത്തിവയ്പ്പ് ഇവയ്ക്കുശേഷം ഇവിടെ വിശ്രമിച്ചു. അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ പി. വി. വർഗ്ഗീസ് ക്ലേറി നമ്മെ വന്നു കണ്ടു. അയാൾ വൈദികസെമിനാരിയിൽ ചേർന്നു പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും നാം അനുവദിച്ചു. അയാൾ നമ്മുടെ വിശ്വാസം പഠിക്കട്ടെ. പഠിപ്പിക്കട്ടെ. സന്ധ്യയ്ക്ക് നമസ്ക്കാരത്തിനു നാം തന്നെ ഏവൻഗേലിയോൻ വായിച്ചു. നാളെ നാം കുർബാന ചൊല്ലുന്നതാണ്. നമ്മുടെ അപ്പോഴപ്പോഴുള്ള അസുഖങ്ങൾക്കു നമ്മുടെ പി. വി. കോശി ശെമ്മാശ്ശൻ മരുന്നു തന്ന് ചികിത്സിച്ച് സുഖപ്പെടുത്തുന്നുമുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. രാത്രി 10 മണിയോടു കൂടി ദിനചര്യകൾ എല്ലാത്തിനും ശേഷം സുഖമായി ഉറങ്ങി.

1958 ജൂൺ

1-6-1958. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു തിരികെ വന്നു. രാവിലെ നാം കുർബാന ചൊല്ലി. 10 മണിയായപ്പോൾ മുഴുവൻ തീർന്നു. നമുക്ക് ക്ഷീണം ഉണ്ടായിരുന്നുവെങ്കിലും അച്ചന്മാർ ആരും ഇല്ലാതിരുന്നതിനാൽ നാം ചൊല്ലേണ്ടി വന്നു. ഉച്ചയ്ക്കു പള്ളിയിൽ പോയി നമസ്ക്കരിച്ചു. ഇന്നും മരുന്ന് കുത്തിവച്ചു. പള്ളി പിരിഞ്ഞശേഷം ചാക്കോച്ചനും, കുട്ടിയപ്പനും ജോർജ്ജും മറ്റും വന്നു കണ്ടു. പന്തനാൽ അച്ചന്റെ ഭാര്യയ്ക്കു സ്കൂൾ ജോലിക്കു കല്പന എഴുതി. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

2-6-1958. തിങ്കൾ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി ഇവയ്ക്കുശേഷം അരമനയിൽ വിശ്രമിച്ചു. കുഞ്ഞമ്മിണിക്ക് സ്കൂളിൽ നിയമിച്ച കല്പന കൊടുത്തു. പുതുശ്ശേരിൽ അവളെ നിയമിച്ചിരിക്കുന്നതായി ഹെഡ്മാസ്റ്റർക്കു കല്പന കൊടുത്തയച്ചു. അവൾക്കു 25 രൂപായും കൊടുത്തു. ഇന്ന് മഴയുള്ള ദിവസം ആയിരുന്നു. കോയമ്പത്തൂർ നിന്നും ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചനും ചുണ്ടുമണ്ണിൽ കത്തനാരെയും കൊണ്ടുവന്നു. കോയമ്പത്തൂർ കാര്യങ്ങൾ മെത്രാച്ചൻ ശരിയാക്കി. അവിടെ കെ. എ. ജോർജ്ജ് അച്ചനെ നിയമിച്ചു. അവിടെ മെത്രാച്ചൻ പോയില്ലായെങ്കിൽ കുഴപ്പം ആയിപ്പോകുമായിരുന്നു.

അവിടെ കോയമ്പത്തൂർ പള്ളിയിൽ തേവോദോസ്യോസ് മെത്രാച്ചൻ കൊടുത്ത കല്പനയെ പ്രതിഷേധിച്ച് പള്ളിയിൽ ആരവം ഉണ്ടാക്കിയതായി മെത്രാച്ചൻ ഇവിടെ നമ്മോട് അറിയിച്ചു. ഏതായാലും അവിടുത്തെ കുഴപ്പങ്ങൾ അവസാനിച്ചു. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി. മെത്രാച്ചനും ഇവിടെ നമ്മോടു കൂടി താമസിച്ചു. മൂത്തേടത്തു കത്തനാരും വന്നു കണ്ടു.

3-6-58. ചൊവ്വാ. നമസ്ക്കാരം, കാപ്പി, കുത്തിവയ്പു ഇവകൾക്കുശേഷം ഇവിടെ വിശ്രമിച്ചു. ഇന്ന് വിശ്വാസ സംരക്ഷക സംഘത്തിന്റെ യോഗം ഇവിടെ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ് ഇവരെല്ലാവരും ഡോ. സി. റ്റി. ഈപ്പൻ, ആറാട്ടുപുഴ ജോൺ സാർ ഇവരും മാനേജരച്ചൻ, ജോർജ് മല്പാനച്ചൻ, മല്പാനച്ചൻ, ചുണ്ടുമണ്ണിലച്ചൻ, മൂത്തേടത്തച്ചൻ ഇവരും സന്നിഹിതരായിരുന്നു. മാർ അത്താനാസ്യോസ് മെത്രാച്ചൻ ഉച്ചയ്ക്കു ശേഷമാണ് നമ്മെ വന്ന് കണ്ടത്. അദ്ദേഹം മലയായിൽ പര്യടനം കഴിഞ്ഞ് മടങ്ങിയെത്തിയത് ഇന്നാണ്. അവിടുത്തെ പള്ളിക്കാര്യങ്ങൾ പറഞ്ഞു കേൾപ്പിച്ചു. നാം യോഗത്തിൽ പ്രസംഗിച്ചു. നമ്മുടെ കാനോനും ചട്ടത്തിനും വിരോധമായി പ്രവർത്തിക്കുകയില്ല എന്നും അതിൽ മാറ്റം വരുത്തുകയില്ലായെന്നും പ്രത്യേകം പറഞ്ഞു. ഉച്ചയ്ക്കു രണ്ടു മണിയോടു കൂടി ചാലാശ്ശേരിലച്ചൻ മരിച്ചുപോയതായി അറിഞ്ഞു. നമുക്ക് നല്ല സുഖമില്ലല്ലോ പോയി ശുശ്രൂഷകളിൽ സംബന്ധിക്കാൻ. ഡൽഹി പള്ളിയിൽ ചൊല്ലുന്ന തോമസ് കത്തനാർ വന്നു കണ്ടു. ഇന്ന് ആരോഗ്യം പൊതുവെ നന്നായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

4-6-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, പത്രവായന, കാപ്പി ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. കുണ്ടറക്കാരൻ കോശി പണിക്കർ, കാർത്തികപള്ളി പള്ളിക്കാർ ഇവർ നമ്മെ വന്നു കണ്ടു. കല്ക്കട്ടാ പള്ളി വികാരി കെ. കെ. മാത്യൂസ് അച്ചൻ (പിന്നീട് മാത്യൂസ് മാർ ബർണബാസ് - എഡിറ്റർ) വന്നു കണ്ടു. കോയമ്പത്തൂർ വഴിയാണ് വന്നതെന്നും കൂടാതെ കല്ക്കട്ടാ പള്ളിക്കാര്യങ്ങളും നമ്മോട് അറിയിച്ചു. മാർ പീലക്സിനോസ് മെത്രാച്ചന്റെ പേർക്കു കാർത്തികപള്ളി സ്കൂൾ കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നതിന് കല്പന കൊടുത്തു. കുണ്ടറ സ്കൂൾ ഹെഡ്മാസ്റ്റർക്കും ഡോ. സി. റ്റി. ഈപ്പൻ കത്തനാർക്കും ഓരോ എഴുത്തുകൾ ജോലിക്കാര്യങ്ങൾ പ്രമാണിച്ചു കൊടുത്തു. കുണ്ടറ കോശി പണിക്കർ ഒരു പടം (പരുമല തിരുമേനിയുടേത്) മകൻ വരച്ചതു നമുക്ക് തന്നു. ചിത്രമെഴുത്ത് നന്നായിരിക്കുന്നു. പണിക്കരുടെ മകനെ സ്കൂളിൽ പ്രവേശിപ്പിക്കാൻ തന്ന അപേക്ഷ മാർ പീലക്സിനോസ് മെത്രാച്ചന് അയച്ചുകൊടുത്തു. ഇന്ന് കാർ നന്നാക്കിക്കൊണ്ടു വന്നു. അരമനചിലവിൽ കടം കൊടുത്തിരുന്ന തുക കാതോലിക്കാദിന അക്കൗണ്ടിൽ നിന്നും തിരികെ കിട്ടി. ആയതു റിശ്ശീസാ കണക്കിൽ ബാങ്കിൽ നിക്ഷേപിച്ചു. 115 1/2 രൂപാ സഖറിയാ ശെമ്മാശന് അരമനയിലേക്ക് വിറകു വാങ്ങിക്കാൻ കടം കൊടുത്തു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

5-6-1958. വ്യാഴം. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ദിവസമായിരുന്നു. പഴയസെമിനാരിയിൽ വച്ചു സുന്നഹദോസ് കൂടി. മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ അത്താനാസ്യോസ് ഇവർ നമ്മോടു കൂടി പഴയസെമിനാരിയിൽ സംബന്ധിച്ചു. മുമ്പു കൂടിയ സുന്നഹദോസിന്റെ നിശ്ചയങ്ങളെ സ്ഥിരീകരിച്ചു. അല്പ സമയം ചർച്ചചെയ്ത ശേഷം മുൻ നിശ്ചയങ്ങൾ തന്നെ ബലപ്പെടുത്തി. 10 മണിക്ക് സുന്നഹദോസ് ആരംഭിച്ചു. വൈകിട്ട് 3 മണിക്ക് അവസാനിച്ചു. മൂന്നര മണിക്ക് കെ. സി. മാത്യു ബി.എ., ബി.എൽ. ന്റെ (കെ. എം. ചെറിയാൻ ജൂണിയറിന്റെ അപ്പന്റെ) തൈലാഭിഷേകം നടത്തി. അത്താനാസ്യോസ് മെത്രാച്ചനും നമ്മോടു കൂടി സംബന്ധിച്ചു. നാം നെറ്റിയിൽ മാത്രം പൂശിയിട്ട് മെത്രാച്ചനെക്കൊണ്ട് ബാക്കി പൂശിച്ചു. രോഗി അവശനിലയിൽ കിടക്കുന്നു. ധാരാളം ആളുകൾ അവരുടെ വീട്ടിൽ സംബന്ധിച്ചിരുന്നു. ശുശ്രൂഷയ്ക്കു ശേഷം നാം അരമനയിൽ മടങ്ങിയെത്തി. സുഖമായി താമസിച്ചു. ഇന്ന് ആരോഗ്യനില മെച്ചമായിരുന്നു. മോടിശ്ശേരിൽ കത്തനാർ വന്നു.

6-6-58. വെള്ളി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നല്ല മഴയുള്ള ദിവസം ആയിരുന്നു. രാവിലെ പള്ളിയിൽ പോയി. മോടിശ്ശേരിൽ ഭാഗത്തു പണിയുന്ന ചെറിയപള്ളിക്കു വേണ്ടി മോടിശ്ശേരിൽ അച്ചൻ വശം 100 രൂപാ കൊടുത്തു. അയാൾ നമ്മോടു ആവശ്യപ്പെട്ടതനുസരിച്ചാണ് കൊടുത്തത്. കൂറിലോസ് മെത്രാച്ചന്റെ പേർക്ക് യുവജനസമാജം ഭംഗിയായി നടത്തിക്കുന്നതിനെ സംബന്ധിച്ചും അയച്ചിരുന്ന എഴുത്തിന് മറുപടി ആയിട്ടും കൂടി എഴുതി അയച്ചു. ചുണ്ടുമണ്ണിൽ കത്തനാരുടെ എഴുത്തിനു മറുപടി അയച്ചു. ചാവടിയിൽ കോശി മുതലാളിയുടെ മകന്റെ വിവാഹത്തിന് ആശീർവാദ കല്പനയും അയച്ചു. സന്ധ്യാനമസ്ക്കാരം, അത്താഴം, മലങ്കരസഭാ മാസിക വായന, സൂത്താറാ ഇവയ്ക്കു ശേഷം 10 1/2 മണിയോടു കൂടി സുഖമായി ഉറങ്ങി.

7-6-58. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പി, പത്രവായന ഇവകൾക്കു ശേഷം വിശ്രമിച്ചു. മലങ്കരസഭാ പത്രം മുഴുവൻ ഇന്നു വായിച്ചു. മറ്റത്തിൽ ശമുവേൽ കത്തനാർ ഇവിടെ വന്നു ഇന്നു നമ്മെ കണ്ടു. ഒരു സങ്കടഹർജി തന്നിട്ടുണ്ട്. അയാളെ കർമ്മാദികൾ നടത്തിപ്പാൻ കല്പന കൊടുത്തില്ല എന്നും മറ്റും പറയുകയുണ്ടായി. ഏതായാലും അയാൾ മലബാറിൽ താമസിക്കുന്നു. ഇന്ന് നമ്മോടുകൂടി ഇവിടെ താമസിച്ചു.

8-6-58. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. മാവേലിക്കര കെ. എം. അലക്സാണ്ടർ കത്തനാർ ഇവിടെ പള്ളിയിൽ കുർബാന നമ്മുടെ സാന്നിദ്ധ്യത്തിൽ ചൊല്ലി. നാം അയാളുടെ കുർബാന ആദ്യം കാണുകയാണു ഉണ്ടായത്. പൊതുവെ തെറ്റു കൂടാതെ ഭംഗിയായി ചൊല്ലി. മറ്റത്തിൽ ശമുവേൽ കത്തനാർക്ക് നാം 10 രൂപ കൊടുത്തു. അയാൾ മലബാറിന് പോയി. ഇവിടെ നമ്മുടെ അനന്തരവളുടെ മകൻ കുമരകത്തു നിന്നും വന്നു കണ്ടു. നാഗർകോവിൽ കൂറത്തുവിള പള്ളിയുടെ പണി വിവരം സംബന്ധിച്ചു കൂറിലോസ് മെത്രാച്ചന്റെ കല്പനയുമായി ജോൺസൺ എന്ന ചെറുപ്പക്കാരൻ വന്നിരുന്നു. അയാൾക്ക് മെത്രാച്ചന്റെ കല്പനയിൽ നാം കൂടി എഴുതി കൊടുത്തു. പള്ളിപണിക്ക് സംഭാവന കൊടുക്കുന്നതു താല്പര്യമാണെന്നു എഴുതിയിരുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 1/2 മണിയോടു കൂടി ഉറങ്ങി. നാലു മണിക്ക് ചന്തക്കടവിൽ കുഞ്ഞൂഞ്ഞിനെ എം.ഡി. സ്കൂളിൽ നിയമിക്കണമെന്ന് കാണിച്ച് ഈവാനിയോസ് മെത്രാച്ചന്റെ പേർക്ക് എഴുത്തു കൊടുത്തു.

9-6-58. തിങ്കൾ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു. കാപ്പികുടി, മരുന്നു കുത്തിവയ്പ്, പത്രവായന ഇവയ്ക്കു ശേഷം അരമനയിൽ വിശ്രമിച്ചു. ഇന്ന് നമുക്കു ശരീരത്തിന് നല്ല സുഖം തോന്നുന്നില്ല. വലിയ ക്ഷീണം ഉണ്ടായിരുന്നു. 10 മണിയോടുകൂടി സുഖമായി ഉറങ്ങി.

10-6-58. ചൊവ്വാ. രാവിലെ 4 1/2 മണിക്ക് എഴുന്നേറ്റു. 5 മണിക്കു നമസ്ക്കാരത്തിനു പോയി. എം.ഡി. യിൽ നിന്നും എം. വി. ജോർജ്ജ് കത്തനാരും ഹെഡ്മാസ്റ്റർ സി. യു. മാത്യുവും ഇവിടെ വന്നു. മാത്യുവിന്റെ നിയമനകാര്യം പറഞ്ഞു. ഡെൽഹിയിൽ നിന്നും കെ. സി. തോമസച്ചൻ മുമ്പു വന്നിരുന്നതു കൂടാതെ ഇന്നും വന്നു കണ്ടു. പീലിപ്പോസ് കത്തനാരും ഇവിടെ നമ്മോടു കൂടി താമസിക്കുന്നു. വൈദികസെമിനാരിയിലെ വിദ്യാർത്ഥികൾ എല്ലാം ഇവിടെ നമ്മെ വന്നു കണ്ടു. സെമിനാരി ഇന്നലെ തുറന്നു. ഇന്നു നമുക്ക് ക്ഷീണം തോന്നുന്നുണ്ട്. ഉണ്ണിയുടെ മകനു പഠിക്കാൻ ഫീസ് കൊടുത്തു. 7 രൂപ 12 അണ. ഇടനാട്ടുകാരൻ ശെമ്മാശ്ശൻ ഇന്നു വന്നു.

11-6-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. അരമനയിൽ തന്നെ വിശ്രമിച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. തോമസ് കെ. ജെ. യെ എം.ഡി. സ്കൂളിൽ നിയമിച്ചതായി കല്പന കൊടുത്തു.

12-6-58. വ്യാഴം. രാവിലെ 5 മണിക്കു എഴുന്നേറ്റു. പള്ളിയിൽ പതിവുപോലെ പോയി നമസ്ക്കരിച്ചു. മരുന്നുകൾ രണ്ടും ഇന്നു കുത്തിവെച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. ഇന്നു കൗൺസിൽ ദിവസമായിരുന്നു. മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ ഇവിടെ നമ്മോടുകൂടി നാലു മണിവരെ ഉണ്ടായിരുന്നു. എപ്പിസ്ക്കോപ്പൽ കൗൺസിൽ 3 മണിക്കു അവസാനിച്ചു. മാർ ഈവാനിയോസ് മെത്രാച്ചൻ എം.ഡി. സ്കൂൾ കാര്യം സംബന്ധിച്ചു ഡയറക്ടർക്ക് എഴുത്തിന് ഒപ്പു വയ്പിച്ചു. എഴുതിയിരുന്നതു നമ്മെ കൂടാതെയാണ്. കറസ്പോണ്ടന്റിന്റെ പേരു വച്ച് അവർ ആദ്യം എഴുതിയിരുന്നു എന്നും മറ്റും കൂടി അതിൽ കാണിച്ചിരുന്നു. ഏതോ കൃത്രിമം പോലെ തോന്നുന്നു.

13-6-58. വെള്ളി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി, പത്രവായന ഇവയ്ക്കുശേഷം അരമനയിൽ വിശ്രമിച്ചു. മാർ അത്താനാസ്യോസ് മെത്രാച്ചന്റെ പേർക്ക് ഒരു എഴുത്തു എഴുതി കൊടുത്തയച്ചു. ചർച്ച് വീക്ക്ലി മാമ്മൻ സെമിനാരിയിൽ വരുന്നതിനെ നിരോധിക്കണമെന്ന് എഴുതി കൊടുത്തിരുന്നു. ഉച്ചയ്ക്കുശേഷം പാത്താമുട്ടത്തു റമ്പാച്ചനെ കാണാൻ പോയി. റമ്പാച്ചന് സുഖമുണ്ട്.

14-6-58. ശനിയാഴ്ച. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരശേഷം ഇവിടെ അരമനയിൽ വിശ്രമിച്ചു. കുട്ടിയപ്പനും മറ്റും വന്നു കണ്ടു.

14-6-58. ശനി. രാവിലെ 5 മണിയ്ക്കു എഴുന്നേറ്റു. ഇന്ന് മഴയുള്ള ദിവമായിരുന്നു. നാം അരമനയിൽ തന്നെ വിശ്രമിച്ചു. ചുണ്ടുമണ്ണിൽ കത്തനാർ ഉച്ചവരെ ഇവിടെ നമ്മോട് കൂടെയുണ്ടായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ നമ്മോടു കൂടി താമസിച്ചു. ആരോഗ്യം ഇന്ന് പൊതുവെ മെച്ചമായിരുന്നു.

15-6-58. ഞായർ. നാം ഇന്ന് ചാപ്പലിൽ കുർബാന ചൊല്ലി. നമുക്ക് 84 വയസ്സ് ഇന്ന് തികയുന്ന ദിവമായിരുന്നതുകൊണ്ട് കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബാനയ്ക്കു ശേഷം കുട്ടിയപ്പനും, മാത്തുച്ചനും ബേബിയും നമ്മെ വന്നു കണ്ടു. നമ്മുടെ ജന്മദിനം നാളെയാകയാൽ അവരുടെ സന്തോഷങ്ങൾ പ്രകടിപ്പിക്കുന്നതിന് കാഴ്ചസാധനങ്ങളുമായി വന്നു. കുട്ടിയപ്പൻ നാളെ യാചകകേന്ദ്രത്തിൽ നമുക്കു വേണ്ടി ഒരു സദ്യ നടത്തുന്നുണ്ട്. ശമുവേൽ ശെമ്മാശ്ശന് നാളെ നാം കശീശാപട്ടം കൊടുക്കുന്നുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. സൂത്താറായ്ക്കു ശേഷം 10 1/2 മണിയ്ക്കു ഉറങ്ങി. താഴത്തങ്ങാടി പള്ളിക്കു വികാരിയെ നിയമിച്ചു കല്പന കൊടുത്തു.

16-6-58. തിങ്കൾ. പട്ടംകൊടയുണ്ടായിരുന്നു. നമ്മുടെ സെക്രട്ടറി ശമുവേൽ ശെമ്മാശ്ശന് കത്തനാരുപട്ടം ഇന്നു നമ്മുടെ ജന്മദിനത്തിൽ കൊടുത്തു. നാം കുർബാന ചൊല്ലി. മൂന്നിന്മേൽ കുർബാന. ചുണ്ടുമണ്ണിൽ കത്തനാരും ഏബ്രഹാം കത്തനാരും ചൊല്ലി. ഇവിടെ സാധുക്കൾക്ക് പായസ്സം കൊടുത്തു. യാചകകേന്ദ്രത്തിൽ ഒരു സദ്യ കഴിപ്പിച്ചു. ഇവിടെ നിന്നും അരി കൊടുത്തു. ശമുവേൽ കത്തനാരുടെ വീട്ടുകാർ നമ്മെ വന്നു കണ്ടു. വീഞ്ഞ് വാങ്ങിക്കുവാൻ 50 രൂപാ ഇവിടെ ഏല്പിച്ചു. ജന്മദിന മംഗളാശംസാ കമ്പി നമുക്ക് പലയിടത്തു നിന്നും വന്നു. എം.ഡി. സ്കൂളിലെ ബോർഡിംഗ് കുട്ടികളും രണ്ട് വാദ്ധ്യാന്മാരും വന്നു കണ്ടു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. കുറിച്ചിയിൽ നിന്നും ചാക്കോച്ചനും, യോഹന്നാൻ കുട്ടിയും പത്തനംതിട്ട ചാലിൽ കത്തനാരും മകളും നമ്മെ വന്നു കണ്ടു.

17-6-58. ചൊവ്വാ. നാം രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. എം. വി ജോർജ്ജ് കത്തനാരും പഴയസെമിനാരി മാനേജർ കത്തനാരും നമ്മെ വന്നു കണ്ടു. എം.ഡി. സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ പറയുകയുണ്ടായി. ഇന്നു വന്ന എഴുത്തുകൾക്ക് എല്ലാം മറുപടി കൊടുത്തു. നാം എറണാകുളത്തിനു പോകാൻ ഉദ്ദേശിച്ചിരുന്നത് നാളത്തേയ്ക്കു മാറ്റി കമ്പി കൊടുത്തു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

18-6-58. ബുധൻ. കാപ്പിമേശയ്ക്കു ശേഷം നാം എറണാകുളത്തേക്കു പോന്നു. പോരുന്ന വഴി തൃപ്പൂണിത്തുറ നമ്മുടെ പെങ്ങളുടെ വീട്ടിൽ കയറി. ഉടനെതന്നെ എറണാകുളത്തേക്ക് പോന്നു. ജോസഫ് കത്തനാർ പള്ളിയിൽ ഉണ്ടായിരുന്നു. മണലിൽ യാക്കോബ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19-6-58. വ്യാഴം. നാം സുഖമായി താമസിച്ചു. ഡോക്ടർ ഷേണായി വന്നു നമ്മുടെ രക്തം പരിശോധനയ്ക്ക് എടുക്കുകയുണ്ടായി. നാം 15 രൂപ അയാൾക്കു കൊടുത്തു. 10 മണിയോടു കൂടി പരിശോധന കഴിഞ്ഞ് വിവരം നമ്മെ അറിയിക്കുകയുണ്ടായി. പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ജോസഫ് കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടി താമസിച്ചു.

20-6-1958. വെള്ളി. 10 1/2 മണിയോടു കൂടി ഡോക്ടർ പോൾ വരുകയുണ്ടായി. പരിശോധിച്ച് കുറിച്ച് തന്ന കുറിപ്പ് കാണിച്ചു. വലിയ കൂടുതൽ ഒന്നും ഇല്ല. പുതുതായി ഒന്നും ചെയ്യേണ്ട. പഴയതുപോലെ തന്നെ കുത്തിവച്ചാൽ മതി എന്നു പറഞ്ഞു. ഡോക്ടർ ഉടൻതന്നെ പോയി. മണലിൽ യാക്കോബ് കത്തനാർ വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം പള്ളിക്കര പള്ളിയിലേക്കു തിരിച്ചു. പീലിപ്പോസ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. 3 മണിയോടു കൂടി പള്ളിക്കര പള്ളിയിൽ വന്നു ചേർന്നു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

21-6-58. ശനി. കണ്ടനാട്ടുകാരൻ ഒരു ഡോക്ടർ ജോസഫ് നമ്മെ കുത്തിവയ്ക്കുവാനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.


22-6-58. ഞായർ. പെന്തിക്കോസ്തിക്കുശേഷം 4-ാം ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞു. ശമുവേൽ കത്തനാരും, പീലിപ്പോസ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. കാപ്പിമേശയ്ക്കു ശേഷം ശവക്കോട്ടയ്ക്കുള്ള സ്ഥലം കൂദാശ ചെയ്തു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രത്യാശയിലേക്കുള്ള തീർഥാടനം

ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്



വലിയനോമ്പ് ആത്മപരിശോധനയുടെ, പ്രാർഥനയുടെ, ഉപവാസത്തിന്റെ, സേവനത്തിന്റെ തീർഥാടനകാലമാണ്. ലോകര ക്ഷകനായ ക്രിസ്തുവിനൊപ്പമുള്ള വിശുദ്ധമായ യാത്ര. നോമ്പ് വെറും ആഹാരനിയന്ത്രണമല്ല, അത് ഹൃദയത്തിന്റെ ശുദ്ധീകരണമാണ്. ശരീരത്തിന്റെ ആഗ്രഹങ്ങളെ നിയന്ത്രിച്ച് ആത്മീയമായ കരുത്തു നേടാൻ ഉപവാസത്തിലൂടെ കഴിയണം. പ്രാർഥനയിലൂടെ ദൈവത്തോടുള്ള ആത്മ ബന്ധം പുനഃസ്ഥാപിക്കുന്നതി നുള്ള അവസരമാണു നോമ്പ്. തിരക്കുപിടിച്ച ജീവിതയാത്ര യ്ക്കിടയിൽ ദൈവത്തിനായി സമയം കണ്ടെത്താൻ സാധിക്കണം.

ലോകവും സമൂഹവും പലവിധമായ വ്യഥകളിലൂടെ കടന്നു പോകുമ്പോൾ നോമ്പ് സമാധാനത്തിന്റെ ദൂത് കൂടിയാണ്. വി ശപ്പിന്റെ വിലയറിയാനും അപരന്റെ വേദന അടുത്തറിയാനും കലുഷിതമായ അന്തരീക്ഷത്തിൽ സ്നേഹത്തിന്റെ പ്രവാ ചകരാകുവാനും നോമ്പ് നമ്മെ പ്രാപ്തരാക്കും. സമൂഹമാധ്യമങ്ങളുടെ അതിവ്യാപനം ആത്മീയതയിൽ നിന്ന് അകറ്റുന്ന ഈ കാലത്ത്, ദൈവസന്നിധിയിൽ നിശ്ശബ്ദമായി നിൽക്കാൻ നോമ്പാചരണം സഹായിക്കും. സഹജീവിയെ മാത്രമല്ല, പ്രകൃതിയെയും കരുതുവാനുള്ള കടമ മനുഷ്യനുണ്ടെന്നു മറക്കരുത്.

വലിയനോമ്പിന്റെ പര്യവസാനം കാൽവരിയിലേക്കും പ്രത്യാശയിലേക്കുമുള്ള വെളി ച്ചമാണ്. കാൽവരിയിലേക്കു ള്ള യാത്ര വേദനകളുടേതാണെങ്കിൽ, ഉയിർപ്പ് പ്രത്യാശയുടേതാണ്. ജീവിതത്തിലെ ദുഃഖങ്ങളിൽ ക്രിസ്തു അനുഭവിച്ച വേദനയെ സ്മരിക്കാം. അവനോളം വേദനിച്ചവർ ആരുണ്ട് ഈ ഉലകിൽ? പ്രതി സന്ധികളുടെ വേലിയേറ്റങ്ങ ളിൽ പതറാതെ, നമുക്ക് ഒന്നിച്ച് പ്രത്യാശയുടെ വെളിച്ചത്തിലേക്കു നടന്നടുക്കാം.

വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ് (1858–1934): ജീവിതരേഖ

മല്ലപ്പള്ളി വട്ടശ്ശേരിൽ ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ മകൻ. ജനനം 31–10–1858. 12–10–1876–ന് പത്രോസ് തൃതീയൻ 'മ്സമ്രോനോ' സ്ഥാനം നൽകി. വെട്ടിക്കൽ ദയറായിലും പരുമല സെമിനാരിയിലും മാർ ഗ്രിഗോറിയോസിൽ നിന്ന് സഭാചരിത്രം, ആരാധന, സുറിയാനി, വിശ്വാസം എന്നിവ പഠിച്ചു. 16–12–1879 ന് പൂർണ്ണ ശെമ്മാശുപട്ടവും 16–1–1880 ന് കശീശാപട്ടവും മാർ ഗ്രിഗോറിയോസിൽ നിന്ന് സ്വീകരിച്ചു. ശെമ്മാശനായിരിക്കേ 1876–ൽ അബ്ദുള്ളാ ഗ്രീഗോറിയോസിന്റെ ദ്വിഭാഷിയായി മലങ്കര മുഴുവൻ സന്ദർശിച്ചു. പരുമല സെമിനാരിയിൽ മല്പാനായും മാനേജർ ആയും നിയമിതനായി. കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പൽ ആയും പഴയസെമിനാരി മല്പാനായും പ്രവർത്തിച്ചു. 1903 നവം. 2–ന് പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് റമ്പാൻ സ്ഥാനം നൽകി. കോനാട്ട് മല്പാനുമൊന്നിച്ച് കുർബാനക്രമം മലയാളത്തിൽ ഗാനങ്ങളും ഇന്നത്തെ തുബ്ദേനുകളും ചേർത്തു പരിഷ്ക്കരിച്ച് 1903–ൽ പ്രസിദ്ധീകരിച്ചു. *മതോപദേശസാരം*, *സുറിയാനി ഒന്നാംപാഠം* എന്നീ പ്രാമാണിക ഗ്രന്ഥങ്ങളും രചിച്ചു. 14–2–1908 ലെ പഴയസെമിനാരി അസോസ്യേഷൻ മലങ്കര മെത്രാന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. 31–5–1908 ന് യെരുശലേമിൽ വച്ച് അബ്ദുള്ളാ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടക്കാരനായി വാഴിച്ചു. നാട്ടിലെത്തിയ ഇദ്ദേഹത്തിന് ചുമതലകളും ആസ്ഥാനവും നിയമപരമായും ഔപചാരികമായും ഒഴിഞ്ഞുകൊടുത്തു പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിലേക്ക് മാറി താമസിച്ചു. 1909 ജൂലായ് 12–നുശേഷം കൊച്ചു മെത്രാച്ചൻ പൂർണ്ണ മലങ്കര മെത്രാപ്പോലീത്താ ആയി.



1911–ൽ അബ്ദുള്ളാ പാത്രിയർക്കീസ് അന്യായമായി മുടക്കി. ഭൂരിഭാഗം സമുദായാംഗങ്ങളും മെത്രാപ്പോലീത്തായെ അനുകൂലിച്ചു. വൈദികട്രസ്റ്റിയും അത്മായട്രസ്റ്റിയും പാത്രിയർക്കീസിനൊപ്പം കൂടി. തുടർന്ന് അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസ് മുടക്ക് വ്യർത്ഥമാണെന്ന് പ്രഖ്യാപിച്ചു. അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ക്ഷണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് ഒന്നാം കാതോലിക്കാ ആയി. മലങ്കരസഭയിൽ രണ്ടു കക്ഷികൾ രൂപപ്പെട്ടു. സഭാസമാധാനത്തെ പ്രതി മർദീൻ യാത്ര ഉൾപ്പെടെ മെത്രാപ്പോലീത്താ നടത്തിയ ശ്രമങ്ങൾ വിഫലമായി. കോടതിയിൽ അനുകൂലമായും പ്രതികൂലമായും വിധികൾ ഉണ്ടായി. സെമിനാരിയുടെ കൈവശാവകാശം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടു. സമാന്തര അസോസ്യേഷനും സമാന്തര ട്രസ്റ്റികളും ഉണ്ടായി. വിശ്വസ്ത ശിഷ്യൻ ബഥനിയുടെ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നിവരുടെ നേതൃത്വത്തിൽ ഒരു വിഭാഗം മലങ്കര റീത്ത് സൃഷ്ടിച്ച് കത്തോലിക്കാസഭയിൽ ചേക്കേറി. വ്യവഹാരം അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയെയും പാണ്ഡിത്യത്തെയും നിഷ്പ്രഭവും നിഷ്ഫലവുമാക്കി. ഒരു ഭരണഘടനയ്ക്ക് രൂപം നൽകുവാൻ ശ്രമിച്ചു എങ്കിലും അത് പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കാലത്ത് നാലു പാത്രിയർക്കീസന്മാരും മൂന്ന് കാതോലിക്കാമാരും അധികാരം വഹിച്ചു. കറകളഞ്ഞ നിഷ്ഠകളും കാപട്യലേശമില്ലാത്ത ഭക്തിയും ചര്യകളും പ്രത്യുല്പന്നമതിത്വം തികഞ്ഞ പാണ്ഡിത്യവും ഉന്നതശീർഷനായ അദ്ദേഹത്തെ അനന്യനാക്കുന്നു. എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും ശക്തി പകർന്ന അദ്ദേഹം സഭാഭാസുരൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു. 1934 ഫെബ്രു. 23–ന് ദിവംഗതനായി. കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ തെക്കേ മുറിയിൽ കബറടക്കപ്പെട്ടു. പ. സുന്നഹദോസ് 2003 ഫെബ്രു 24–ന് അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



ഈയ്യോബിന്റെ ഭാര്യ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിൽ പഴയ നിയമത്തിലെ വളരെ ശ്രദ്ധേയമായ ഒരു വ്യക്തിയാണ് ഈയ്യോബ്. ദൈവഭക്തിയും നീതിയും നിറഞ്ഞ ജീവിതം നയിച്ച ഒരാളായിരുന്ന ഈയ്യോബ്, അപ്രതീക്ഷിതമായി വന്ന കഠിന പരീക്ഷണങ്ങളിലൂടെ അദ്ദേഹത്തിന് കടന്നുപോകേണ്ടിവന്നു. സമ്പത്ത്, കുടുംബസുഖം, ആരോഗ്യം എന്നിവയെല്ലാം ഒരേ സമയത്ത് നഷ്ടപ്പെട്ടപ്പോഴും അവൻ തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നു. എന്നാൽ ഈ ദുരിതങ്ങൾ ഈയ്യോബിനെ മാത്രമല്ല, അവന്റെ കുടുംബത്തെയും പ്രത്യേകിച്ച് ഭാര്യയേയും ആഴത്തിൽ സ്വാധീനിച്ചു.

ഈയ്യോബിന്റെ ഭാര്യയും അവനോടൊപ്പം തന്നെ ജീവിതത്തിന്റെ കഠിനതകൾ അനുഭവിച്ച വ്യക്തിയായിരുന്നു. മക്കളുടെ വിയോഗം, സമ്പത്തിന്റെ നാശം, ഭർത്താവിന്റെ ഭീകരമായ രോഗാവസ്ഥ എന്നിവ അവളുടെ മനസ്സിൽ അഗാധമായ ദുഃഖവും നിരാശയും സൃഷ്ടിച്ചു. ബൈബിളിൽ അവളേക്കുറിച്ച് കുറച്ച് വാക്യങ്ങളിൽ മാത്രമേ പരാമർശിക്കുന്നുള്ളുവെങ്കിലും, ആ കുറച്ച് വാക്കുകൾ പോലും അവളുടെ മാനസികാവസ്ഥയും മനുഷ്യസ്വഭാവവും വ്യക്തമാക്കുന്നതാണ്. അവളുടെ പ്രതികരണങ്ങൾ വഴി, ദുരിതസമയങ്ങളിൽ മനുഷ്യന്റെ വിശ്വാസം എങ്ങനെ പരീക്ഷിക്കപ്പെടുന്നു എന്നും മനസ്സിന്റെ ദുർബലത എങ്ങനെ പുറത്തുവരുന്നു എന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് തന്നെ, ഈയ്യോബിന്റെ ജീവിതത്തിൽ അവന്റെ ഭാര്യയുടെ സ്ഥാനം ചെറുതല്ല; മറിച്ച് ആഴത്തിലുള്ള ചിന്തകൾക്ക് വഴിതുറക്കുന്ന ഒന്നാണ്.

1. ഈയ്യോബിന്റെ ഭാര്യയുടെ ജീവിത പശ്ചാത്തലം

ഈയ്യോബിന്റെ ഭാര്യ സമ്പന്നവും മാന്യവുമായ ഒരു കുടുംബജീവിതമാണ് നയിച്ചിരുന്നത്. ഭർത്താവായ ഈയ്യോബ് വലിയ സമ്പത്തും ദൈവഭക്തിയും ഉള്ള ആളായിരുന്നു. അവരുടെ കുടുംബം സമൂഹത്തിൽ ആദരിക്കപ്പെട്ടതും നല്ല പേരുള്ളതുമായിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നു. തന്റെ മക്കളോടൊപ്പം സമാധാനവും സന്തോഷവും നിറഞ്ഞ ഒരു കുടുംബജീവിതമാണ് അവർ നയിച്ചിരുന്നത്.

ഈ കുടുംബത്തിൽ സമ്പത്ത് മാത്രമല്ല, ഐക്യവും സ്നേഹവും നിലനിന്നിരുന്നു. മക്കൾ പരസ്പരം സ്നേഹത്തോടെ ഇടപഴകുകയും കുടുംബം ഒന്നായി സന്തോഷത്തോടെ ജീവിക്കുകയും ചെയ്തിരുന്നു. ഇത്തരമൊരു കുടുംബത്തിന്റെ ഭാഗമായിരുന്ന ഈയ്യോബിന്റെ ഭാര്യയ്ക്ക് തന്റെ ജീവിതത്തെക്കുറിച്ച് വലിയ അഭിമാനവും സുരക്ഷിതത്വവും ഉണ്ടായിരുന്നു. ഭാവിയെക്കുറിച്ച് പ്രതീക്ഷയോടെ അവൾ ജീവിതം മുന്നോട്ടു കൊണ്ടുപോയിരുന്നു.

എന്നാൽ ഈ സന്തോഷകരമായ കുടുംബജീവിതം പെട്ടെന്നുണ്ടായ ദുരന്തങ്ങൾ മൂലം തകർന്നു. ഒരേ സമയത്ത് സംഭവിച്ച നിരവധി ദുരന്തങ്ങൾ അവരുടെ ജീവിതത്തെ പൂർണമായി മാറ്റിമറിച്ചു. ആദ്യം മക്കളുടെ അപ്രതീക്ഷിത മരണം അവളുടെ ഹൃദയത്തെ തകർത്തു. അമ്മയായ അവൾ അനുഭവിച്ച വേദന അളക്കാനാകാത്തതായിരുന്നു.

ഇതോടൊപ്പം കുടുംബത്തിന്റെ മുഴുവൻ സമ്പത്തും നഷ്ടപ്പെട്ടതോടെ, ഒരുകാലത്ത് സമൃദ്ധിയുടെയും സുരക്ഷിതത്വത്തിന്റെയും അടയാളമായിരുന്ന ജീവിതം ദാരിദ്ര്യത്തിന്റെയും അപമാനത്തിന്റെയും അവസ്ഥയിലേക്കു മാറി. സാമൂഹികമായും മാനസികമായും അവൾ വലിയ വേദന അനുഭവിക്കേണ്ടി വന്നു.

ഈ ദുരന്തങ്ങൾക്ക് പിന്നാലെ, ഭർത്താവായ ഈയ്യോബ് ഗുരുതരമായ രോഗബാധിതനായപ്പോൾ അവളുടെ ജീവിതത്തിലെ അവസാന ആശ്വാസവും തകർന്നതായി തോന്നി. ഒരുകാലത്ത് ശക്തിയും ആശ്വാസവുമായിരുന്ന ഭർത്താവ്, ഇപ്പോൾ അസഹ്യമായ വേദന അനുഭവിക്കുന്ന ഒരാളായി മാറി.

ഈ എല്ലാ സംഭവങ്ങളും ചേർന്ന് ഈയ്യോബിന്റെ ഭാര്യയെ അത്യന്തം ദുഃഖത്തിലും നിരാശയിലും ആക്കി. ഒരുകാലത്ത് ആശ്രയമായിരുന്ന എല്ലാം നഷ്ടപ്പെട്ട അവൾ, ജീവിതത്തിന്റെ കഠിന യാഥാർത്ഥ്യം നേരിട്ട് അനുഭവിക്കേണ്ടിവന്നു. അതിനാൽ അവളുടെ വാക്കുകളും പ്രവർത്തനങ്ങളും ഈ ആഴത്തിലുള്ള വേദനയുടെയും മാനസിക തകർച്ചയുടെയും പശ്ചാത്തലത്തിൽ നിന്നാണ് മനസ്സിലാക്കേണ്ടത്.

2. മാനസിക വേദനയും പ്രതികരണവും

തുടർച്ചയായി ഉണ്ടായ ദുരിതങ്ങൾ ഈയ്യോബിന്റെ ഭാര്യയുടെ മനസ്സിനെ അതീവമായി തളർത്തി. ഈ എല്ലാ വേദനകളും അവൾക്കുള്ളിൽ അടിച്ചമർത്താൻ കഴിയാത്തവിധം ശക്തമായിരുന്നു. അതിനാൽ തന്നെ അവളുടെ പ്രതികരണങ്ങൾ വികാരപൂർണ്ണവും വേദന നിറഞ്ഞതുമായിത്തീർന്നു.

ഈയ്യോബിന്റെ ഭാര്യ അനുഭവിച്ച മാനസിക വേദന സാധാരണ ദുഃഖത്തെക്കാൾ ഏറെ ആഴമുള്ളതും സങ്കീർണ്ണവുമായതാണ്. തുടർച്ചയായി സംഭവിച്ച വലിയ നഷ്ടങ്ങൾ അവളുടെ മനസ്സിനെ ശക്തമായ മാനസിക ആഘാതത്തിലേക്ക് നയിച്ചു. മക്കളുടെ അപ്രതീക്ഷിത മരണം അവളുടെ മാതൃത്വബോധത്തെ തകർത്തു. ഇതുവഴി അവളിൽ അതീവ ദുഃഖം, ശൂന്യത, കുറ്റബോധം തുടങ്ങിയ വികാരങ്ങൾ ഉണർന്നിരിക്കാം.

ഇതിനൊപ്പം കുടുംബസമ്പത്ത് നഷ്ടപ്പെട്ടത് അവളുടെ ജീവിതസുരക്ഷിതത്വബോധത്തെ പൂർണമായി ഇല്ലാതാക്കി. സാമ്പത്തിക സുരക്ഷ നഷ്ടപ്പെടുമ്പോൾ മനുഷ്യന്റെ മനസ്സിൽ ഭയം, അനിശ്ചിതത്വം, അശക്തത തുടങ്ങിയ വികാരങ്ങൾ ശക്തമാകുന്നു. ഇതിന് പിന്നാലെ ഭർത്താവായ ഈയ്യോബ് ഗുരുതരമായ രോഗാവസ്ഥയിൽ എത്തിയത് അവളുടെ ജീവിതത്തിലെ അവസാന ആശ്രയവും തകരുന്നതുപോലെ അവൾക്ക് അനുഭവപ്പെട്ടു.

ഈ എല്ലാ മാനസിക സമ്മർദ്ദങ്ങളും ഒന്നിച്ചുകൂടിയപ്പോൾ അവളുടെ മനസ്സിൽ ശക്തമായ വൈകാരിക ക്ഷീണം ഉണ്ടായി. ഇത്തരത്തിലുള്ള അവസ്ഥയിൽ മനുഷ്യന് യുക്തിപരമായി ചിന്തിക്കാനുള്ള കഴിവ് കുറയുകയും, വികാരാധിഷ്ഠിത പ്രതികരണങ്ങൾ ശക്തമാകുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് അവൾ ദൈവത്തോട് അസഹിഷ്ണുത പ്രകടിപ്പിച്ചത്.

“ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളയുക” എന്ന അവളുടെ വാക്കുകൾ ദൈവവിരോധത്തിൽ നിന്നുള്ളതല്ല. മറിച്ച്, ജീവിതത്തോടു തന്നെ നിരാശപ്പെട്ട ഒരു മനസ്സിന്റെ ഉള്ളിൽ നിന്നുള്ള നിലവിളിയായിരുന്നു അത്. ദൈവത്തെ വിശ്വസിച്ചിട്ടും ഇത്തരത്തിലുള്ള ദുരിതങ്ങൾ അനുഭവിക്കേണ്ടി വന്നത് അവൾക്ക് അന്യായമായി തോന്നി. അതിനാൽ അവളുടെ വാക്കുകൾ അവളുടെ ദുഷ്ടതയല്ല വെളിപ്പെടുത്തുന്നത്; മറിച്ച് മനുഷ്യന്റെ സ്വാഭാവിക ദുർബലതയും അത്യന്തം വേദന സഹിക്കാൻ കഴിയാത്ത അവസ്ഥയും മാത്രമാണ് പ്രതി

ഫലിപ്പിക്കുന്നത്.

അത്യധികം വേദന അനുഭവിക്കുമ്പോൾ മനുഷ്യൻ തന്റെ ഉള്ളിലെ കോപവും നിരാശയും പുറത്തേക്ക് പ്രകടിപ്പിക്കുന്നു. ദൈവത്തോട് ചോദ്യം ചെയ്യുകയും എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നത്, മനസ്സ് പൂർണമായി തകർന്നുപോകാതിരിക്കാനുള്ള ഒരു സ്വാഭാവിക മാനസിക പ്രതികരണമാണ്.

ഈയ്യോബിന്റെ ഭാര്യയുടെ പ്രതികരണം നമ്മെ ഒരു പ്രധാന സത്യം പഠിപ്പിക്കുന്നു: ദുരിതസമയങ്ങളിൽ മനുഷ്യന്റെ വിശ്വാസം കടുത്ത രീതിയിൽ പരീക്ഷിക്കപ്പെടും. വിശ്വാസമുള്ളവർക്കുപോലും അത്യന്തം വേദനയിൽ വിശ്വാസസംശയങ്ങളും നിരാശയും ഉണ്ടാകാം. അവളുടെ ജീവിതം മനുഷ്യ സ്വഭാവത്തിന്റെ യാഥാർത്ഥ്യം തുറന്നു കാണിക്കുന്നു. ദുഃഖത്തിൽ തളരുന്ന മനുഷ്യനെ കുറ്റപ്പെടുത്തുന്നതിനു പകരം അവനെ മനസ്സിലാക്കുകയും സഹാനുഭൂതി കാണിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നത്.

3. മനുഷ്യസ്വഭാവത്തിന്റെ പ്രതീകം

ഈയ്യോബിന്റെ ഭാര്യയെ ബൈബിളിൽ ഒരു അത്യുന്നതമായ ആത്മീയ മാതൃകയായി അല്ല, മറിച്ച് സാധാരണ മനുഷ്യന്റെ മനസ്സുള്ള ഒരു സ്ത്രീയായാണ് അവതരിപ്പിക്കുന്നത്. അവൾ അതിമാനുഷികമായ സഹനത്തിന്റെ പ്രതീകമല്ല; മറിച്ച് കടുത്ത വേദനകൾ നേരിടുന്ന ഒരു സാധാരണ സ്ത്രീയായാണ് അവളെ ചിത്രീകരിച്ചിരിക്കുന്നത്. ഇതുതന്നെയാണ് അവളുടെ കഥാപാത്രത്തെ മനുഷ്യസ്വഭാവത്തിന്റെ പ്രതീകമാക്കുന്നത്.

ഈയ്യോബിന്റെ ഭാര്യയുടെ പ്രതികരണങ്ങൾ മനുഷ്യന്റെ സ്വാഭാവിക വികാരപ്രതികരണങ്ങളോട് പൂർണ്ണമായും പൊരുത്തപ്പെടുന്നതാണ്. തുടർച്ചയായി സംഭവിച്ച കടുത്ത നഷ്ടങ്ങൾ അവളുടെ മനസ്സിൽ ശക്തമായ മാനസിക ആഘാതം സൃഷ്ടിച്ചു. ഇത്തരത്തിലുള്ള അവസ്ഥയിൽ മനുഷ്യന്റെ വികാര നിയന്ത്രണം ദുർബലമാകുകയും, യുക്തിചിന്തയ്ക്ക് പകരം വികാരാധിഷ്ഠിത പ്രതികരണങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് സ്വാഭാവികമാണ്.

മക്കളുടെ അപ്രതീക്ഷിത മരണം അവളുടെ മനസ്സിൽ തീവ്ര ദുഃഖവും ശൂന്യതയും സൃഷ്ടിച്ചു. ഇതോടൊപ്പം കുടുംബസമ്പത്ത് നഷ്ടപ്പെട്ടത് അവളുടെ ജീവിതസുരക്ഷിതത്വബോധത്തെ പൂർണമായി തകർത്തു. സാമ്പത്തികവും സാമൂഹികവുമായ അടിസ്ഥാനം നഷ്ടപ്പെടുമ്പോൾ മനുഷ്യൻ അനുഭവിക്കുന്ന ഭയം, അശക്തത, അനിശ്ചിതത്വം എന്നിവ അവളുടെ മനസ്സിലും ശക്തമായി പ്രകടമായി.

ഇതെല്ലാം കഴിഞ്ഞ്, ഭർത്താവായ ഈയ്യോബ് ഗുരുതരമായ രോഗാവസ്ഥയിൽ എത്തിയത് അവളുടെ അവസാന ആശ്രയവും തകരുന്നതുപോലെ അനുഭവപ്പെട്ടു. ഈ എല്ലാ മാനസികാവസ്ഥകളും ഒന്നിച്ച് ചേർന്നപ്പോഴാണ് അവളുടെ പ്രതികരണങ്ങൾ കൂടുതൽ ശക്തവും വേദന നിറഞ്ഞതുമായിത്തീർന്നത്.

ഈ പശ്ചാത്തലത്തിലാണ് അവൾ ദൈവത്തോട് ചോദ്യം ചെയ്യുകയും എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തത്. ഇത് ദൈവവിരോധത്തിൽ നിന്നുള്ള പ്രതികരണമല്ല; മറിച്ച് കടുത്ത വേദനയിൽ നിന്ന് രക്ഷപ്പെടാൻ മനസ്സ് ഉപയോഗിക്കുന്ന ഒരു പ്രതിരോധ തന്ത്രം ആണ്. മനശാസ്ത്രപരമായി, ഒരു മനുഷ്യൻ സഹിക്കാനാവാത്ത വേദന നേരിടുമ്പോൾ കോപം, കുറ്റപ്പെടുത്തൽ, ചോദ്യം ചെയ്യൽ എന്നിവ വഴി തന്റെ ഉള്ളിലെ സമ്മർദ്ദം പുറത്തുവിടുന്നു. ഈ സ്വാഭാവിക പ്രതികരണമാണ് ഈയ്യോബിന്റെ ഭാര്യയിൽ നാം കാണുന്നത്.

അതുകൊണ്ട്, ഈയ്യോബിന്റെ ഭാര്യ മനുഷ്യസ്വഭാവത്തിന്റെ പ്രതീകമാണെന്ന് പറയാം. അവൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, മനുഷ്യൻ ദുരിതങ്ങളിൽ തളരാം, "എന്തുകൊണ്ട്?" എന്ന് ചോദ്യം ചെയ്യാം, വിശ്വാസത്തിൽ പോലും സംശയങ്ങൾ ഉണ്ടാകാം എന്ന യാഥാർത്ഥ്യമാണ്. ഇവയൊക്കെയും മനുഷ്യന്റെ സ്വാഭാവിക പ്രവർത്തനങ്ങളുടെ ഭാഗങ്ങളാണ്.

ഈ ഭാഗത്തിലൂടെ ബൈബിൾ മനുഷ്യന്റെ യഥാർത്ഥ വികാരങ്ങളെ മറയ്ക്കാതെ അവതരിപ്പിക്കുന്നു. വിശ്വാസമുള്ളവർക്കുപോലും ദുർബലതകളും സംശയങ്ങളും ഉണ്ടാകാം എന്ന സത്യം ഇതിലൂടെ വ്യക്തമാകുന്നു. അതിനാൽ ഈയ്യോബിന്റെ ഭാര്യ കുറ്റപ്പെടുത്തലിനേക്കാൾ കരുണയോടെ നാം മനസ്സിലാക്കേണ്ട വ്യക്തിയായി മാറുന്നു.

അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന പ്രധാന സത്യം ഇതാണ്: ദുഃഖം മനുഷ്യനെ തളർത്താം, ചോദ്യം ചെയ്യിപ്പിക്കാം, വിശ്വാസം പോലും പരീക്ഷിക്കപ്പെടാം. എന്നിരുന്നാലും, അങ്ങനെ തളരുമ്പോഴും മനുഷ്യൻ മനുഷ്യനായി തന്നെയാണ് തുടരുന്നത്. വേദന പ്രകടിപ്പിക്കുന്നതും, കരയുന്നതും, സംശയം തുറന്ന് പറയുന്നതുമൊക്കെയും മനുഷ്യസ്വഭാവത്തിന്റെ ഭാഗങ്ങളാണ്. ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം, ദുഃഖത്തിൽ തളരുന്നവരെ കുറ്റപ്പെടുത്താതെ മനസ്സിലാക്കാനും കരുണ കാണിക്കാനും നമ്മെ പഠിപ്പിക്കുന്നു.

4. ഈയ്യോബിന്റെ ഭാര്യ നൽകുന്ന സന്ദേശം

ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം മനുഷ്യന്റെ മാനസിക അവസ്ഥകളുമായി വളരെ ആഴത്തിലുള്ള ബന്ധം പുലർത്തുന്നതാണ്. തുടർച്ചയായി സംഭവിക്കുന്ന ദുരിതങ്ങളും അപ്രതീക്ഷിതമായ നഷ്ടങ്ങളും ഒരു മനുഷ്യന്റെ മനസ്സിൽ കടുത്ത മാനസിക സമ്മർദ്ദം സൃഷ്ടിക്കുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ദുഃഖം, ഭയം, നിരാശ, കോപം, ആശയക്കുഴപ്പം എന്നിവ ഒരുമിച്ച് മനസ്സിനെ ബാധിക്കുന്നത് സ്വാഭാവികമാണ്. ഈയ്യോബിന്റെ ഭാര്യ അനുഭവിച്ചതും ഇതുതന്നെയായിരുന്നു.

മക്കളുടെ വിയോഗം അവളുടെ മനസ്സിൽ അതീവ ദുഃഖവും ശൂന്യതയും സൃഷ്ടിച്ചു. സമ്പത്ത് നഷ്ടപ്പെട്ടത് അവളുടെ ജീവിതസുരക്ഷിതത്വബോധത്തെ തകർത്തു, അതിലൂടെ ഭയവും അനിശ്ചിതത്വവും വളർന്നു. ഇതിന് പിന്നാലെ ഭർത്താവായ ഈയ്യോബിന്റെ ഗുരുതരമായ രോഗാവസ്ഥ അവളെ നിരാശയിലും അശക്തിയിലുമാക്കി. ഈ എല്ലാ നഷ്ടങ്ങളും ഒന്നിച്ച് അവളുടെ മനസ്സിനെ സഹിക്കാൻ കഴിയാത്ത വേദനയുടെ അവസ്ഥയിലേക്കാണ് നയിച്ചത്.

ഇത്തരത്തിലുള്ള മാനസിക സമ്മർദ്ദങ്ങളുടെ ഫലമായി മനുഷ്യൻ ചിലപ്പോൾ കടുത്ത വാക്കുകൾ പറയുകയും, തന്റെ വിശ്വാസത്തെ പോലും ചോദ്യം ചെയ്യുകയും ചെയ്യുന്നു. ഇത് ദുഷ്ടതയുടെയോ ദൈവവിരോധത്തിന്റെയോ അടയാളമല്ല; മറിച്ച് മനസ്സ് സഹിക്കാനാവാത്ത വേദനയോട് പ്രതികരിക്കുന്ന ഒരു സ്വാഭാവിക മാനസിക പ്രതികരണമാണ്. ഈയ്യോബിന്റെ ഭാര്യയുടെ വാക്കുകൾ ഒരു തളർന്ന മനസ്സിന്റെ നിലവിളിയായി തന്നെയാണ് കാണേണ്ടത്.

ഈ ഭാഗം നമ്മെ പഠിപ്പിക്കുന്ന പ്രധാന സത്യം ഇതാണ്: മനുഷ്യൻ ദുരിതങ്ങളിൽപ്പെട്ടാൽ അവന്റെ മാനസിക ശക്തി ക്ഷയിക്കാം. എന്നാൽ അങ്ങനെ തളരുമ്പോഴും അവൻ മനുഷ്യനായി തന്നെയാണ് തുടരുന്നത്. വികാരങ്ങൾ പ്രകടിപ്പിക്കുന്നത്, സംശയങ്ങൾ തുറന്നു പറയുന്നത്, വേദനയോടെ പ്രതികരിക്കുന്നത് ഇവയൊക്കെയും മനുഷ്യന്റെ മാനസിക പ്രവർത്തനങ്ങളുടെ ഭാഗങ്ങളാണ്. അതുകൊണ്ട് തന്നെ, ദുഃഖത്തിൽ തളരുന്നവരെ കുറ്റപ്പെടുത്തുന്നതിനേക്കാൾ അവരെ മനസ്സിലാക്കുകയും മാനസിക പിന്തുണ നൽകുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

അതോടൊപ്പം, ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം സഹനത്തിന്റെ മൂല്യവും നമ്മെ പഠിപ്പിക്കുന്നു. മാനസികമായി തളർന്നാലും, ഒരു സമയം കഴിയുമ്പോൾ ആശ്വാസവും വിശ്വാസവും തീർച്ചയായും മടങ്ങിവരും. മനുഷ്യന്റെ മനസ്സിൽ ദുർബലതയും ശക്തിയും ഒരുമിച്ച് നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കുമ്പോഴാണ് യഥാർത്ഥ മാനവികത വളരുന്നത്.

അതിനാൽ, ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: മനുഷ്യന്റെ വേദനയെ അവഗണിക്കാതെ, അവന്റെ വികാരങ്ങളെ ആദരിച്ച്, കരുണയോടെ സമീപിക്കുകയാണ് യഥാർത്ഥ ആത്മീയത. ദുഃഖത്തിൽ തളരുന്നവരെ കുറ്റപ്പെടുത്താതെ കൈപിടിച്ചുയർത്താൻ പഠിക്കുമ്പോഴാണ് നമ്മുടെ ജീവിതം യാഥാർത്ഥ്യമാകുന്നത്.

ഈയ്യോബിന്റെ ഭാര്യയെ വെറും നെഗറ്റീവ് കഥാപാത്രമായി മാത്രം വിലയിരുത്തുന്നത് യുക്തിസഹമല്ല. അവളുടെ വാക്കുകളും പ്രതികരണങ്ങളും ദുഷ്ടതയിൽ നിന്നോ ദൈവവിരോധത്തിൽ നിന്നോ വന്നതല്ല; മറിച്ച് അവൾ അനുഭവിച്ച അഗാധമായ വേദനയുടെയും തുടർച്ചയായ നഷ്ടങ്ങളുടെയും സ്വാഭാവിക ഫലമായിരുന്നു അവ. ഒരേ സമയം മക്കളുടെ വിയോഗം, കുടുംബസമ്പത്തിന്റെ പൂർണ്ണ നാശം, പിന്നെ ഭർത്താവിന്റെ ഗുരുതര രോഗാവസ്ഥ, ഇതെല്ലാം ഒരുമിച്ച് നേരിടേണ്ടി വന്ന ഒരു സ്ത്രീയുടെ മനസ്സ് തളരുന്നത് സ്വാഭാവികമാണ്. അതിനാൽ തന്നെ അവളുടെ പ്രതികരണങ്ങളെ കുറ്റപ്പെടുത്തി തള്ളിക്കളയുന്നതിന് പകരം, അവൾ കടന്നുപോയ സാഹചര്യങ്ങളെ മനസ്സിലാക്കി കരുണയോടെ വിലയിരുത്തുകയാണ് ശരിയായ സമീപനം.

ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്, ദുരിതങ്ങൾ

മനുഷ്യന്റെ വിശ്വാസത്തെയും സഹനത്തെയും എത്രത്തോളം ശക്തമായി പരീക്ഷിക്കുമെന്ന സത്യമാണ്. വലിയ വേദനകളുടെ മുന്നിൽ മനുഷ്യൻ തളരാം, "എന്തുകൊണ്ട്?" എന്ന് ചോദ്യം ചെയ്യാം, വിശ്വാസത്തിൽ പോലും സംശയങ്ങൾ ഉണ്ടാകാം. ഇതൊന്നും മനുഷ്യന്റെ ആത്മീയ പരാജയത്തിന്റെ അടയാളമല്ല; മറിച്ച് അവന്റെ മാനുഷിക സ്വഭാവത്തിന്റെ യാഥാർത്ഥ്യമാണ്. ദുഃഖത്തിൽപ്പെട്ട മനുഷ്യൻ തന്റെ വേദന തുറന്ന് പറയുകയും, ഉള്ളിലെ ആശയക്കുഴപ്പം പുറത്തുവിടുകയും ചെയ്യുന്നത് സ്വാഭാവികമാണ്.

അതേസമയം, ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം നമ്മെ വിശ്വാസത്തിന്റെയും സഹനത്തിന്റെയും മൂല്യം ആഴത്തിൽ ബോധ്യപ്പെടുത്തുന്നു. മനുഷ്യൻ തളരുന്ന നിമിഷങ്ങളിലാണ് വിശ്വാസത്തിന്റെ ആഴം കൂടുതൽ വെളിപ്പെടുന്നത്. വിശ്വാസം എന്നത് സംശയങ്ങളില്ലാത്ത അവസ്ഥയല്ല; മറിച്ച് സംശയങ്ങളിലൂടെയും വേദനയിലൂടെയും കടന്നുപോകുന്ന ഒരു യാത്രയാണ്. ഈയ്യോബിന്റെ ജീവിതത്തിൽ ഭാര്യയുടെ സ്ഥാനം വാചകപരമായി ചെറുതായിരിക്കാം, എന്നാൽ അവൾ നൽകുന്ന സന്ദേശം അതീവ ആഴമുള്ളതും ജീവിതത്തോട് അടുത്തതുമാണ്.

ഈയ്യോബിന്റെ ഭാര്യ നമ്മെ ഒരു പ്രധാന മാനവിക സത്യത്തിലേക്ക് നയിക്കുന്നു: ദുഃഖത്തിൽ തളരുന്നവരെ നാം വിധിക്കരുത്, മറിച്ച് അവരെ നാം മനസ്സിലാക്കണം. വേദനയിൽ നിന്ന് ഉയർന്നുവരുന്ന വാക്കുകൾ പലപ്പോഴും ഹൃദയത്തിന്റെ നിലവിളികളായിരിക്കും. അവയെ ദുഷ്ടതയായി കാണാതെ, സഹാനുഭൂതിയോടെ സമീപിക്കുമ്പോഴാണ് യഥാർത്ഥ ആത്മീയത പ്രകടമാകുന്നത്.

അതിനാൽ, ഈയ്യോബിന്റെ ഭാര്യയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, മനുഷ്യൻ ദുർബലനാകാം, തളരാം, ചോദ്യം ചെയ്യാം; എങ്കിലും അവൻ മനുഷ്യനായി തുടരുന്നു. അവന്റെ വേദനയെ അംഗീകരിക്കുകയും അവന്റെ കണ്ണുനീരിനെ അവഗണിക്കാതിരിക്കുകയും ചെയ്യുന്നതാണ് വിശ്വാസത്തിന്റെ യഥാർത്ഥ മുഖം. ഈ അർത്ഥത്തിൽ, ഈയ്യോബിന്റെ ഭാര്യ ബൈബിളിൽ ഒരു അവഗണിക്കപ്പെട്ട വ്യക്തിയല്ല, മറിച്ച് മനുഷ്യഹൃദയത്തിന്റെ ആഴങ്ങൾ തുറന്നുകാട്ടുന്ന ഒരു ശക്തമായ പ്രതീകമാണ്.

❑

പുസ്തകം



വിശുദ്ധ മൂറോൻ

വി. മൂറോൻ, മൂറോൻ കൂദാശ, മൂറോനഭിഷേകം ഇവയെപ്പറ്റിയുള്ള മലങ്കരസഭാ പിതാക്കന്മാരുടെ രചനകളുടെ സമഗ്ര സമാഹാരം, 1876 മുതൽ മലങ്കരയിൽ നടന്നിട്ടുള്ള വി. മൂറോൻ കൂദാശയുടെ വിശദ വിവരണങ്ങൾ എന്നിവ ചേർത്തിണക്കി 2026-ലെ വി. മൂറോൻ കൂദാശയോടനുബന്ധിച്ച് മലങ്കര മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസിന്റെ പൈതൃകം സാഹിതീ സരണി വിഭാഗം പുറത്തിറക്കുന്ന അമൂല്യ ഗ്രന്ഥം.

2026 ഫെബ്രുവരി 28-ന് പഴയ സെമിനാരിയിൽ പ്രകാശിപ്പിക്കുന്നു.

മുഖവില 200 രൂപ, പ്രകാശന ദിവസം പഴയ സെമിനാരിയിൽ സൗജന്യവില 150 രൂപ.

കൊറിയറിൽ പുസ്തകം ആവശ്യമുള്ളവർ +91 91889 40424 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.



Release of "The Little Seekers."

The Little Seekers, written and illustrated by Fr. Rijo Geevarghese, was released by the gracious hands of His Holiness the Catholicos.

The book presents the wisdom of the Spiritual Fathers (Abbas) and Spiritual Mothers (Ammas) through simple and engaging illustrations, making the teachings accessible to readers of all ages, especially to Sunday school children.

The book was released on the occasion of Mananam Exhibition.

The Little Seekers is available through **Mashikoottu Publications** and at **MOC Book Stores**.



മല്ലപ്പള്ളിയിൽ നടന്ന പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി അനുസ്മരണ സമ്മേളനത്തിൽ ചാണ്ടി ഉമ്മൻ എം.എൽ.എ. പ്രസംഗിക്കുന്നു.



വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ച

(വി. മർക്കോസ് 2:1-12)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ഏകാന്തതയും അവശതയും അനുഭവിക്കുന്നവരുടെ പരിപാലനം എല്ലാ കാലത്തും ഉയർന്നു നിൽക്കുന്ന ഒരു ചോദ്യമാണ്. ദീർഘകാലമായി കിടപ്പിലായവരും അവരെ പരിപാലിക്കുന്നവരും പലപ്പോഴും നാല് ചുമരുകളുടെ ഉള്ളിൽ കുടുങ്ങി പോകാറുണ്ട്. അത്തരത്തിൽ തളർവാതം ബാധിച്ച് വീർപ്പുമുട്ടി കിടന്നിരുന്ന ഒരു മനുഷ്യന്റെ സൗഖ്യമാണ് നോമ്പിലെ മൂന്നാമത്തെ ധ്യാനം. നാലാളുകൾ ചേർന്ന് തളർവാത രോഗിയെ കർത്താവിന്റെ അടുത്തേക്ക് കൊണ്ടുവരുന്നതും അയാൾക്ക് സൗഖ്യം കിട്ടുന്നതുമാണ് പ്രതിപാദ്യം.

അനഭിമിതങ്ങളായ സാഹചര്യങ്ങളോടുള്ള പ്രതികരണത്തിന്റെ പാഠം

ജീവിതത്തിലെ അനഭിമിതങ്ങളായ സാഹചര്യങ്ങളെ ധീരതയോടെ നേരിടുക എന്നുള്ളത് തീർത്തും പ്രയാസമേറിയ ഒന്നാണ്. ശയ്യാവലംബനായി തളർന്നു കിടക്കുന്ന ഒരു മനുഷ്യനാണ് ഈ സംഭവത്തിൽ സൗഖ്യത്തിലേക്ക് അടുത്തുവരുന്നത്. കൊണ്ടുവന്നവരുടെ വിശ്വാസത്തെക്കുറിച്ച് വാചാലമാക്കുന്നതിനോടൊപ്പം തളർന്നു കിടന്നിരുന്ന ഈ മനുഷ്യനെ കുറിച്ചുള്ള ചിന്തകളും നമ്മെ പ്രചോദിപ്പിക്കുന്നതാണ്. ജീവിതത്തിലെ അവസാന സാധ്യതയും അടഞ്ഞു പോയി എന്ന് വിചാരിക്കാതെ തനിക്ക് ഇനിയും ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ട് എന്ന് അയാളുടെ പ്രത്യാശാ നിർഭരമായ ഹൃദയവിചാരം ആകാം ഈ സൗഖ്യത്തിലേക്ക് അയാളെ കൂട്ടിക്കൊണ്ടു വരുന്നത്. തന്നെത്താൻ ശപിച്ചും പഴിച്ചും തനിക്കു വന്ന ദുര്യോഗത്തെക്കുറിച്ച് വേദനിച്ചും കഴിയാതെ ഒരുപക്ഷേ തന്നെ സഹായിക്കാവുന്ന ചില ആളുകളെ അയാൾ കണ്ടെത്തി ഈ സൗഖ്യത്തിലേക്ക് വരികയായിരുന്നു എന്ന് വേണം മനസ്സിലാക്കുവാൻ.

തളർവാതരോഗി പറയാതെ പറയുന്നത് കാലിക പ്രസക്തമായ ചില ചിന്തകളാണ്. ഒരിക്കലും കരകയറുവാൻ സാധിക്കാത്ത വിധം ഒരു ദുരന്തവും മനുഷ്യന് സംഭവിക്കുന്നില്ല. ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന എല്ലാ തകർച്ചകളെയും നമുക്ക് അതിജീവിക്കാം. കഴിഞ്ഞ കാലങ്ങളെയോ അനുഭവങ്ങളെയോ നോക്കേണ്ടതില്ല മറിച്ച് പ്രത്യാശയോടെ നിന്റെ ദൈവത്തെ മാത്രം നോക്കുക എന്ന തരത്തിൽ അയാളുടെ മനസ്സിനെ വായിച്ചെടുക്കുമെങ്കിൽ അത് ഇന്നത്തെ സമൂഹത്തിനു നൽകുന്ന സാന്ത്വനം ചെറുതല്ല.

ഭയപ്പെടുത്തുന്ന തരത്തിൽ ആത്മഹത്യകളുടെയും കുലപാതകങ്ങളുടെയും കണക്കുകൾ പെരുകുമ്പോൾ ദൈവാശ്രയ ബോധത്തോടെയുള്ള ഒരു പരിഹാര സാധ്യതയാണ് ഈ വേദഭാഗം മുൻപോട്ട് വയ്ക്കുന്നത്. ജീവിതത്തിലെ ഏറ്റവും വലിയ തകർച്ചകളിൽ നിന്ന് പോലും നിനക്ക് ഇനിയും ഒരു സാധ്യതയുണ്ട് എന്ന് ഓരോരുവനും ഹൃദയത്തിൽ എഴുതിചേർക്കുവാൻ തളർവാത രോഗി നമ്മെ ആഹ്വാനം ചെയ്യുന്നു.

സഭാ ജീവിത മാതൃകയുടെ പാഠം

ഈ വേദഭാഗത്തിൽ അധികം ശ്രദ്ധയോടെ വായിക്കേണ്ട ഒന്നാണ് തളർവാത രോഗിയെ ചുമന്നു കൊണ്ടു വരുന്ന നാല് പേരുടെ സാന്നിധ്യം. തളർവാത രോഗിയെ ചുമക്കുന്ന നാല് പേരെ സഭാ ജീവിത മാതൃകയായി നമുക്ക് കണക്കാക്കാം. പരിശുദ്ധനായ പൗലോസ് ശ്ലീഹ 'സഭ ക്രിസ്തുവിന്റെ ശരീരമെന്ന്' തന്റെ ലേഖനങ്ങളിൽ ആവർത്തിച്ച് അടിവരയിടുന്നുണ്ട്. (1കൊരി.12:12-14; റോമർ 12:5) സഭയെ ക്രിസ്തുവിന്റെ ശരീരമായി അവതരിപ്പിക്കുമ്പോൾ ആ ശരീരത്തിലെ അവയവങ്ങൾ തമ്മിലുള്ള ഒരു പാരസ്പര്യമാണ് അതിൽ നിഴലിച്ചു കാണുന്നത്. സഭാ ജീവിതം കേവലം വ്യക്തി അധിഷ്ഠിതമല്ല. ഓരോ വ്യക്തിയുടെയും ആത്മീയത എന്നുള്ളതിന് അപ്പുറത്ത് തങ്ങൾ ഏവരും ക്രിസ്തു തലയായ ശരീരത്തിന്റെ അവയവങ്ങൾ എന്ന് പറയുമ്പോൾ അതിലെ അംഗങ്ങൾ തമ്മിൽ പരസ്പരം സുഖത്തിലും ദുഃഖത്തിലും കരുതുവാനും ചേർത്തു




പിടിക്കുവാനുമുള്ള താല്പര്യവും കൂടെ അത് വരച്ചുകാട്ടുന്നുണ്ട്. (1 കൊരി. 12: 25-26) തളർവാത രോഗിയെ കൂട്ടിക്കൊണ്ട് വരുന്ന ഈ നാലു പേർ സഭാജീവിത ശൈലിയുടെ ഉത്തമ മാതൃകയാണ്. കൂടെയുള്ളവരെ സൗഖ്യത്തിലേക്ക് കൂട്ടിക്കൊണ്ടു വരിക എന്ന സഭയുടെ ദൗത്യദർശനം തന്നെയാണ് ഇവരുടെ ജീവിതത്തിലും കാണുന്നത്. രോഗി ശുശ്രൂഷയിലും വൃദ്ധജന പരിചരണത്തിലും ഒക്കെ നമുക്ക് വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പത്തോടൊപ്പം സഭാ ഗാത്രത്തിലെ അംഗങ്ങൾ എന്നുള്ള തലത്തിൽ ക്രിസ്തീയമായ ഉത്തരവാദിത്വവും ഉണ്ട്.

അതോടൊപ്പം തന്നെ സഭയ്ക്ക് ഉണ്ടാവേണ്ട മറ്റൊരു ഭാവമാണ് സംഘത്തിന്റെ ആത്മീയത (Collective Spirituality) എന്നത്. തളർവാത രോഗിയെ കൊണ്ടുവന്ന നാലു പേരിൽ ആരെങ്കിലും ഒരാളുടെ ബലം ക്ഷയിച്ചാൽ അത് സൗഖ്യദാനം എന്ന പ്രക്രിയയെ മുഴുവനായി ബാധിക്കും. വിശ്വാസ ജീവിതത്തിൽ എല്ലാവരും സന്തുലിതമാകേണ്ടതിന്റെ ഒരു അനിവാര്യതയും ഈ സംഭവം മുന്നോട്ട് വയ്ക്കുന്നുണ്ട്. കുടുംബത്തിലുള്ള എല്ലാവരും, ഇടവകയിലുള്ള എല്ലാവരും, സഭയിലുള്ള എല്ലാവരും ഒരേ പോലെ ആത്മീയമായി ബലപ്പെടുമ്പോഴാണ് സമൂഹത്തിന്റെ സൗഖ്യം എന്ന വലിയ നിയോഗത്തിലേക്ക് നാം അടുത്തുവരുന്നത്. ❑

Church Calendar

Rise, Take Up Your Bed and Walk

The Third Sunday of Great Lent: Healing the Paralytic (St. Mark 2:1-12)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

We have entered the third Sunday of Great Lent. During the seven weeks of Lent, the meditation for five of those Sundays focuses on various instances where Jesus Christ healed the sick. In the third and fourth weeks, we specifically see healing granted through the intercession and faith of others. For the paralytic, four individuals pleaded with the Lord, and for the Canaanite woman, she pleaded for her daughter.

In our journey through this world, we are never truly alone; we need the support of many others. These may be our parents, siblings, friends, or teachers. We require their constant encouragement and assistance. In these biblical accounts, the Lord grants healing after seeing the deep faith of those who brought the sick.

The events described in this passage (St. Mark 2:1-12) took place while Jesus was in a house in Capernaum. It is likely that this was a house the Lord frequented, which explains why such a massive crowd gathered there. Hearing that Jesus was present, four men arrived carrying a paralytic. Due to the density of the crowd, they were unable to bring the man close to Jesus. Therefore, they climbed onto the roof, removed the tiling above where Jesus was sitting, and lowered the sick man down on his mat.

Seeing the faith of those who brought him, Jesus said to the paralytic: “Son, your sins are forgiven. Arise, take up your bed and walk.” Immediately, the man stood up, took his mat in the sight of everyone, and walked away.

Your Sins are Forgiven

In the Holy Bible, sin and sickness are often presented as being closely interconnected. It was a common Jewish belief that the cause of illness was sin. We see this in the story of Job; when he faced illness and suffering, his friends advised him that these were the results of his transgressions and that he must accept them as such. In many sick individuals, alongside their physical ailment, there was a heavy mental burden regarding their own sins. Therefore, in the Old Testament, promises of forgiveness often accompanied proclamations of healing.

“For I will forgive their iniquity, and I will remember their sin no more, says the Lord.” (Jeremiah 31:34).

During the New Testament era, this line of thinking remained unchanged. This is evident in the question asked by the disciples of Jesus regarding the man born blind (St. John 9:2). We can also see an example of sin and sickness being an accepted reality in the Epistle of St. James:

“And the prayer of faith will save the sick, and the Lord will raise him up. And if he has committed sins, he will be forgiven. Therefore, confess your sins to one another and pray for one another, that you may be healed” (James 5:15-16).

In modern medical science, it is clear that many physical conditions originate from spiritual and mental levels. Jesus sought to demonstrate to



the Jewish leadership—who believed that sickness is caused by sin and that only God has the authority to forgive sins—that His authority came from God. However, the Jewish leaders did not accept this.

For physical healing, forgiveness of sins is sometimes indispensable. Through the faith of others, a person can receive not only healing but also remission of sins. The act of Jesus forgiving that man's sins did not please the Jewish authorities and legal experts present there. According to their understanding, only God could forgive human sins. Even the prophet Nathan did not claim the authority to forgive sins (2 Samuel 12:13). In that context, they considered Jesus' claim to be blasphemy. However, Jesus, establishing that He has the authority to forgive sins, commanded the man to "Rise and walk." Through this, the man received complete forgiveness of sins and, subsequently, physical healing.

In our daily lives, we may fall into certain physical illnesses due to our sins. If we are mentally unwell, it will affect our bodies both consciously and unconsciously. In the Sacrament of Holy Confession, when we confess all our sins, we receive complete absolution.

In this story, it was the four brothers (friends) who brought the sick individual into the presence of Jesus. It was seeing the faith of those four brothers who brought the sick man that Jesus granted him healing and the forgiveness of sins. Therefore, we also have a great responsibility to bring others into the presence of God. Our own sins can become a barrier to coming before God independently. In such instances, the faith of good friends or loved ones, their encouragement and prayers become a necessity for us.

Arise, Take Up Your Bed and Walk

When we approach the presence of God, we must be empowered to overcome the obstacles and crowds that gather in our way with strong willpower. The call 'Arise, take up your bed and walk' remains highly relevant today. There are many 'beds', habits or states of mind, that provide us with temporary mental or physical comfort, solace, or satisfaction, which we must abandon when we enter the Lord's presence.

In this account, the primary reason Jesus healed the paralytic was the faith of those who carried him. The faith of others can benefit an individual. From this, we understand the necessity of praying for others and the benefits they receive through such intercession. The method they chose to bring the sick man before the Lord is a testament to the intensity of their faith.

A turning point is essential in this Lent, a departure where we carry the bed that once carried us. To achieve this, we need the prayers and support of our saints, holy fathers, and friends. Because of the timely intervention of four mindful people, a man who was brought in on a bed became capable of carrying that same bed away. We must be able to enter God's presence, lay our burdens down before Him, and return with a heart purified by the forgiveness of sins.

While the attitude of the healed man is not explicitly detailed in the Gospel of Mark, the Gospel of St. Luke notes that he "returned home glorifying God" (St. Luke 5:25). We must be able to receive the blessings granted to us with gratitude and turn them into opportunities to give glory to God.

In the Old Testament, the Prophet Isaiah rebukes those who call evil good and good evil. When the Lord healed the paralytic, the attitude of the Jewish leaders present was similar, an attitude that turns light into darkness and sweetness into bitterness. They were unable to accept this 'good'.

Today, like those Jewish leaders, many of us are gripped by the 'paralysis of sin.' By listening to Christ's word to 'Arise and walk,' let us distance ourselves from sin, attain complete forgiveness, and live as true children of God.

❑



എഡ്യൂക്കേഷണൽ സ്പെഷ്യൽ സ്കോളർഷിപ്പ് വിതരണം നടത്തപ്പെട്ടു

ആലുവ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവ ശാക്തീകരണ വിഭാഗവും ഐക്കൺ ചാരിറ്റിസും ചേർന്ന് വിദ്യാഭ്യാസ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ സ്പെഷ്യൽ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണം ചെയ്തു. ആലുവ തൃക്കുന്നത് സെമിനാരിയിൽ വച്ച് അങ്കമാലി ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ പോളികാർപോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ആലുവ എംഎൽഎ അൻവർ സാദത്ത് ഉദ്ഘാടനം ചെയ്തു. ആലുവ മുൻ മുൻസിപ്പൽ ചെയർമാൻ എം. ഒ. ജോൺ, ഭദ്രാസന സെക്രട്ടറി വെരി.റവ. എ വി മാത്യൂസ് കോർഎപ്പിസ്കോപ്പ,ഐക്കൺ ചാരിറ്റീസ് ഡയറക്ടർ ശ്രീ. ജോർജ് എബ്രഹാം, സ്പെഷ്യൽ സ്കോളർഷിപ്പ് കോഡിനേറ്റർ ഫാ. റിജോ മാത്യു, ചാപ്പൽ സഹവികാരി റവ. ഫാ ലെവിൻ ജോർജ് എന്നിവർ യോഗത്തിൽ സംസാരിച്ചു. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരും വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് 5 ലക്ഷം രൂപ വിവിധ മേഖലകളിൽ വിതരണം ചെയ്തു.



എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ബോർഡ് ഓഫ് ഗവേണൻസ് & സിൻഡിക്കേറ്റ് അംഗമായി നിയമിതനായ സഭാ മാനേജിംഗ് കമ്മിറ്റി അംഗം ജോജി തോമസ് (ചെയർമാൻ, ഗ്രിഗോറിയൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്).



വിശുദ്ധ മാർത്തോമ്മാ ശ്ലീഹായെക്കുറിച്ചുള്ള പുസ്തകം പ്രകാശനം ചെയ്തു

കോട്ടയം: ഭാരതത്തിലെ പുരാതന ക്രൈസ്തവ ചരിത്രത്തെ ആസ്പദമാക്കി രഞ്ജൻ ഏബ്രഹാം രചിച്ച ദ അപ്പോസ്തൽ തോമസ് ആൻഡ് ദ ഈസ്റ്റേൺ ഫൗണ്ടേഷൻസ് ഓഫ് ഫെയ്ത്ത് എന്ന പുസ്തകം പ്രകാശനം ചെയ്തു. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, സഖറിയാ മാർ നിക്കോളവോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി പ്രകാശനകർമ്മം നിർവഹിച്ചു. ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ പുസ്തക പരിചയം നടത്തി. മലബാറിന്റെ പുരാതന വ്യാപാര പശ്ചാത്തലവും, എ.ഡി 52 –ലെ സെന്റ് തോമസിന്റെ വരവും, മാർത്തോമ്മാ നസ്രാണികളുടെ വളർച്ചയും ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. പുരാതന ക്രൈസ്തവ, പുരാവസ്തു, വ്യാപാര രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പുസ്തകം തയാറാക്കിയിരിക്കുന്നത്. ഗ്ലോബൽ കൗൺസിൽ ഓഫ് ഇന്ത്യൻ ക്രിസ്ത്യൻസ് പ്രസിഡന്റ് ഡോ. സാജൻ ജോർജ്, ഗ്രന്ഥകാരൻ രഞ്ജൻ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ബംഗലുരുവിലെ സൗത്ത് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രിസ്ത്യൻ സ്റ്റഡീസാണ് പ്രസാധകർ.

കാതോലിക്കാ സിംഹാസനം

54. നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു.

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

മറുപുറം

ഏകാന്തതയിലെ അതിഥി

ഫാ. അജീഷ് ബാബു

ജനിച്ച നിമിഷം തന്നെ അമ്മ ഉപേക്ഷിച്ച ഒരു കുഞ്ഞ് മകാക്ക് കുരങ്ങാണ് "പഞ്ച്." അമ്മയുടെ സ്നേഹസ്പർശം പോലും അനുഭവിക്കാതെ ലോകത്തേക്ക് വലിച്ചെറിയപ്പെട്ട ആ ചെറു ജീവിയെ മൃഗശാലയിലെ പരിചാരകർ കരുതലോടെ ഏറ്റെടുത്തു. അവന് പിടിച്ചുനിൽക്കാനും കളിക്കാനുമായി അവർ ഒരു പ്രകാശ മേറിയ ഓറഞ്ച് നിറമുള്ള ഒരംഗുട്ടാൻ കളിപ്പാവ കൊടുത്തു. ഫെബ്രുവരി ആരം ഭത്തിൽ, പഞ്ച് തന്റെ ആ മൃദുവായ കളിപ്പാവയെ ചേർത്തുപിടിച്ച് മൃഗശാല യുടെ ഇടനാഴികളിലൂടെ വലിച്ചുനടക്കുന്ന ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലായി. മറ്റു മൃഗങ്ങളുമായി ഒത്തുചേരാൻ അവൻ പരിശ്രമിക്കുന്നതും, ജീവനക്കാരുമായി അടുപ്പം സ്ഥാപിക്കുന്നതും, അസ്വസ്ഥതയുടെയും ഏകാന്ത തയുടെയും നിമിഷങ്ങളിൽ തന്റെ കളിപ്പാവയെ ഉറച്ചുപിടിച്ച് ആശ്വാസം കണ്ടെ ത്തുന്നതും ആ ദൃശ്യങ്ങളിൽ കാണാമായിരുന്നു.

ഒറ്റപ്പെടൽ ജീവിതത്തോട് നടത്തുന്ന ശബ്ദമില്ലാത്ത യുദ്ധമാണ്. പറയാൻ ഒരാളില്ലാത്ത ചായാൻ ഒരു തോളില്ലാത്ത ഏകാന്തതയെ പറ്റി ചിന്തിച്ചിട്ടുണ്ടോ ഒറ്റപ്പെടലിന്റെ വേദനയിൽ ചേർത്തു പിടിക്കുമ്പോൾ ഉള്ള സന്തോഷം സ്നേഹ ത്തിന് പ്രായമില്ലെന്നും, ഭാഷയില്ലെന്നും, വർഗ്ഗമില്ലെന്നും ഓർമ്മിപ്പിക്കുന്ന ഒരു നിമിഷം.

ലോകം അനിശ്ചിതമായി തോന്നുന്ന സമയങ്ങളിൽ നമുക്കെല്ലാവർക്കും പിടിച്ചുനിൽക്കാൻ എന്തെങ്കിലും ആവശ്യമുണ്ടെന്ന സത്യത്തിന്റെ ചെറു ഓർ മ്മപ്പെടുത്തലായി പഞ്ച് മാറി. വളരെ കുറച്ച് ദിവസങ്ങൾക്കുള്ളിൽ തന്നെ, തന്റെ ദുർബലതയിലും അതിജീവനശേഷിയിലും മനുഷ്യഹൃദയങ്ങളെ സ്പർശിച്ചു കൊണ്ട് പഞ്ച് മാറി.


ജീവിതം ഓരോ ജനനത്തോടും കൂടെ ഒരു പരീക്ഷണമാണ്. ചിലർ സ്നേഹ ത്തിന്റെ പൂർണ്ണതയിൽ ജനിക്കുന്നു; ചിലർ അഭാവത്തിന്റെ നിഴലിൽ. എന്നാൽ ആരായാലും, ജീവിതം നമ്മെ ആദ്യം പഠിപ്പിക്കുന്നത് പൊരുത്തപ്പെടലാണ്. നമ്മെ ചുറ്റിപ്പറ്റിയ ലോകം എത്ര അന്യമായാലും, അതിനകത്ത് ഒരു സ്ഥാനം കണ്ടെത്താനുള്ള ആത്മശ്രമം മനുഷ്യന്റെയും മറ്റു ജീവികളുടെയും സ്വാഭാവിക സ്വഭാവമാണ്. പൊരുത്തപ്പെടൽ എന്നത് ഒത്തു ചേർന്ന് മായുക എന്നതല്ല; മറിച്ച് സ്വന്തം മൃദുത്വവും ദുർബലതയും കൈവിടാതെ പുതിയ സാഹചര്യങ്ങ ളോട് കൈകോർക്കലാണ്. ഒരാൾ പുതിയ ഇടത്തിലേക്ക് കടക്കുമ്പോൾ, പുതിയ ആളുകൾക്കിടയിൽ നിൽക്കുമ്പോൾ, തന്റെ ഉള്ളിലെ ഭയം മറച്ച് ഒരു ചിരി സമ്മാനിക്കുന്ന നിമിഷം അതാണ് പൊരുത്തപ്പെടലിന്റെ ആദ്യ ചുവടുവയ്പ്. അതിന് ധൈര്യം വേണം; അതിന് പ്രതീക്ഷ വേണം.

പൊരുത്തപ്പെടലിന്റെ വഴിയിലൂടെ മനുഷ്യൻ കണ്ടെത്തുന്നത് സൗഹൃദം ആണ്. സൗഹൃദം രക്തബന്ധമല്ല; അത് ഹൃദയബന്ധമാണ്. ഒരാളുടെ ഏകാന്ത തയിൽ മറ്റൊരാൾ ചെറുതായി ഇരുന്ന് നിശ്ശബ്ദത പങ്കിടുമ്പോൾ സൗഹൃദം ജനിക്കുന്നു. വാക്കുകൾക്കപ്പുറം ഒരു സാന്നിധ്യം നമുക്ക് ആശ്വാസം നൽകു മ്പോൾ, ലോകം മുഴുവൻ വിരുദ്ധമായാലും ഒരാൾ നമ്മെ മനസ്സിലാക്കുന്നുവെന്ന് തോന്നുമ്പോൾ അതാണ് സൗഹൃദത്തിന്റെ അദ്ഭുതം.

പൊരുത്തപ്പെടലില്ലാതെ സൗഹൃദം പിറക്കില്ല. കാരണം മറ്റൊരാളെ സ്വീകരി ക്കാൻ മുമ്പ് നമ്മൾ നമ്മുടെ സാഹചര്യത്തെ സ്വീകരിക്കണം. അതുപോലെ, സൗഹൃദമില്ലാതെ പൊരുത്തപ്പെടലും പൂർണ്ണമാവില്ല. ഒരു കരുതലുള്ള സാന്നിധ്യം ഉണ്ടെങ്കിൽ അന്യമായ ഇടങ്ങളും വീട്ടുപോലെ തോന്നും. ജീവിത ത്തിന്റെ അനിശ്ചിതത്വങ്ങളിൽ നമ്മെ താങ്ങുന്നത് നമ്മുടെ ഉള്ളിലെ സഹന ശേഷിയും പുറത്തുള്ള സൗഹൃദവുമാണ്. ഒരാളുടെ കൈയിൽ മറ്റൊരാളുടെ കൈ ചേർന്നാൽ, അന്യമായ ലോകവും അല്പം പരിചിതമാവുന്നു. പൊരുത്ത പ്പെടലും സൗഹൃദവും ചേർന്നിടത്താണ് ജീവിതം അതിന്റെ സത്യമായ അർത്ഥം കണ്ടെത്തുന്നത്.

തെരുവിൽനിന്ന് അതിഥി

അവഗണനയിൽ സൗഹൃദം എന്നത് ഒരാളെ രക്ഷിക്കാനുള്ള ആഡംബര പ്രവർത്തി അല്ല; മറിച്ച് "നീ ഒറ്റയാളല്ല" എന്ന് മൃദുവായി പറയുന്ന സാന്നിധ്യ മാണ്. യേശുവിന്റെ സൗഹൃദം അതായിരുന്നു. അവൻ മനുഷ്യരെ തിരുത്തു ന്നതിന് മുമ്പ്, അവരെ സ്വീകരിച്ചു. ശാസിക്കുന്നതിന് മുമ്പ്, അവരെ മനസ്സി ലാക്കി. അവന്റെ കണ്ണുകളിൽ അവർ കുറ്റക്കാരല്ല; മറിച്ച് വേദനിച്ച ആത്മാക്കളാ യിരുന്നു.



യെരീഹോയുടെ തിരക്കേറിയ വഴികളിൽ ഒരു വിചിത്രസന്ദർശനം നടന്നു. മരത്തിന്റെ മുകളിലിരുന്ന ഒരാളെയും വഴിയിലൂടെ നടന്നുപോകുന്ന ഒരാളെയും ലോകം ഒരുമിപ്പിച്ച നിമിഷം.യേശു അവനെ പേരുപറഞ്ഞ് വിളിച്ചു: "ഇന്ന് നിന്റെ വീട്ടിൽ ഞാൻ പാർക്കും."

ഒരു ക്ഷണത്തിന്റെ മറുപടി അല്ല; മറിച്ച് ഒരു ദൈവിക കുടിയേറ്റം. ക്ഷണി ക്കപ്പെടാതെ വന്ന അതിഥിയായി ക്രിസ്തു സക്കായിയുടെ ഭവനത്തിൽ കടന്നു. അത് സാമൂഹിക ശീലം ലംഘിച്ചതായിരുന്നു; എന്നാൽ സുവിശേഷത്തിന്റെ ആത്മാവ് അതിലായിരുന്നു. സമൂഹം പുറത്താക്കിയവന്റെ വീട്ടിലേക്ക് ദൈവം സ്വയം പ്രവേശിക്കുന്നു.ക്രിസ്തുവിനെ സ്വീകരിച്ച സക്കായി, തന്റെ ഹൃദയം തുറന്നു. സമ്പത്തിന്റെ അഹങ്കാരത്തിൽ നിന്നു കരുണയുടെ വഴിയിലേക്ക് അവൻ തിരിഞ്ഞു. "എന്റെ സമ്പത്തിൽ പകുതി ദരിദ്രർക്കു കൊടുക്കാം; ആരെ യെങ്കിലും വഞ്ചിച്ചിട്ടുണ്ടെങ്കിൽ നാലിരട്ടിയായി മടക്കിനൽകാം" എന്ന അവന്റെ പ്രഖ്യാപനം, വ്യക്തിപരമായ മാനസാന്തരത്തിന്റെ ശബ്ദമല്ല സമൂഹത്തോടുള്ള ഒരു പുതിയ ക്ഷണമായിരുന്നു.

ക്ഷണിക്കപ്പെടാതെ വന്ന ക്രിസ്തു, ഹൃദയം തുറന്നാൽ അതിഥിയല്ല; രക്ഷക നാണ്. സ്വീകരിച്ച സക്കായി, പഴയ ജീവിതത്തിന്റെ പ്രതീകമല്ല; പുതുജീവിത ത്തിന്റെ ദൂതനാണ്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ധ്യാനാത്മകം ഈ വരകൾ; ശ്രദ്ധേയമായി വൈദികന്റെ ചിത്രപ്രദർശനം

കോട്ടയം: വൈദികന്റെ ചിത്രപ്രദർശനം ശ്രദ്ധേയമാകുന്നു. ഓർത്തഡോക്സ് സഭാ വൈദികനായ ഫാ. റിജോ ഗീവർഗീസ് വരച്ച 40-ൽപ്പരം ചിത്രങ്ങളുടെ പ്രദർശനമാണ് 'മനനം' എന്ന പേരിൽ കോട്ടയം പബ്ലിക് ലൈബ്രറിയിലെ ആർട്ട് ഗ്യാലറിയിൽ ഒരുക്കിയിരിക്കുന്നത്. കല്ലിൽ വരച്ച ചിത്രങ്ങളും പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാം ആരാധനയിലുള്ള ധ്യാനത്മകമായ ചിത്രങ്ങളാണ്. ഓർത്തഡോക്സ് ആരാധനയിൽ ഉപയോഗിക്കുന്ന ഐക്കൺസ് എന്ന പറയുന്ന രീതിയിലുള്ള ചിത്രങ്ങളാണു ക്യാൻവാസിൽ പകർത്തിയിരിക്കുന്നത്.



മാർത്തോമ്മാ സഭയിലെ മെത്രാന്മാർ എക്സിബിഷൻ കാണുന്നു.

വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളാണു ചിത്രങ്ങളായി ഫാ. റിജോ കാഴ്ചക്കാർക്കു മുന്നിൽ അവതരിപ്പിച്ചിരിക്കുന്നത്. 2017 മുതൽ ഫാ. റിജോ ഗീവർഗീസ് വരച്ച ചിത്രങ്ങളാണു പ്രദർശനത്തിലുള്ള ത്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പള്ളിപ്പാട് സ്വദേശിയായ ഫാ. റിജോ കോട്ടയം സോപാന ഓർത്തഡോക്സ് അക്കാദമിയിലാണു സേവനം അനുഷ്ഠിക്കുന്നത്. പ്രദർശനം കാണാൻ എത്തുന്നവർക്കു ഓരോ ചിത്രങ്ങളെക്കുറിച്ചും ഫാ. റിജോ വിവരിച്ചു നല്കുന്നുമുണ്ട്. കുട്ടികളടക്കം നിരവധി പേരാണു ചിത്രപ്രദർശനം കാണുന്നതിനായി ദിവസം എത്തികൊണ്ടിരിക്കുന്നത്.



 പ. കാതോലിക്കാ ബാവായ്ക്കൊപ്പം ഫാ. റിജോ ഗീവർഗീസ്.

ചിത്രപ്രദർശനം 28-നു സമാപിക്കും.



ബിജു ജി ചെട്ടികുളങ്ങര രചിച്ച സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രസംഗ പോഷിണി രണ്ടാം ഭാഗത്തിന്റെ പ്രകാശനം ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ, ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പയ്ക്ക് നൽകിക്കൊണ്ട് നിർവഹിച്ചു.



കോട്ടയം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വൈദികരും സഭാഭാരവാഹികളും ഉൾപ്പെടുന്ന സംഘം നിയമസഭ സന്ദർശിച്ചു. സംസ്ഥാന ബജറ്റിൽ കോട്ടയം ചെറിയപള്ളിയെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയതിലുള്ള സന്തോഷം ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാലിനെ അറിയിച്ചു.



മികച്ച കോളജിനുള്ള പുരസ്കാരം പത്തനാപുരം മൗണ്ട് താബോർ ദയറായുടെ കീഴിലുള്ള സെന്റ് സ്റ്റീഫൻസ് കോളജിന്. ജനാധിപത്യ മൂല്യങ്ങൾ വോട്ടവകാശ ബോധവത്കരണം തിരഞ്ഞെടുപ്പ് പങ്കാളിത്തം എന്നിവ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിനു പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജ് ഇലക്ടറൽ ലിറ്ററസി ക്ലബിനെ കൊല്ലം ജില്ലയിലെ മികച്ച ഇലക്ടറൽ ലിറ്ററസി ക്ലബായി തിരഞ്ഞെടുത്തു. ജില്ലാ ഭരണകൂടവും സ്വീപ്പും (SVEEP) സംയുക്തമായി നടത്തിയ വിലയിരുത്തലിനെ അടിസ്ഥാനപ്പെടുത്തിയാണ് അവാർഡ്. വോട്ടർ ബോധവത്കരണ ക്യാമ്പുകൾ ജനാധിപത്യ പങ്കാളിത്ത പ്രവർത്തനങ്ങൾ ഇലക്ടറൽ ലിറ്ററസി പ്രചാരണ പരിപാടികൾ എന്നിവയിൽ നടത്തിയ മാതൃകാപരമായ ഇടപെടലുകൾ ആണ് ക്ലബ്ബിനെ പുരസ്കാരത്തിന് അർഹമാക്കിയത്.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടിന്റെ പൂർണരൂപം പുറത്തുവിടണം: മാർ ദീയസ്കോറോസ്

കോട്ടയം: ജസ്റ്റിസ് ജെ.ബി. കോശി കമ്മിഷൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ച സർക്കാർ നിലപാട് അഭിനന്ദനാർഹമെന്ന് ഓർത്തഡോക്സ് സഭാ മാധ്യമ വിഭാഗം അധ്യക്ഷൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ. ക്രൈസ്തവ സഭകളുടെ ദീർഘകാലമായുള്ള ആവശ്യമാണിത്. റിപ്പോർട്ടിന് അംഗീകാരം നൽകി യഥാസ്ഥിതിക്ക് ഉള്ളടക്കം പൂർണമായും പ്രസിദ്ധപ്പെടുത്താൻ സർക്കാർ തയ്യാറാവണം. കമ്മിഷൻ റിപ്പോർട്ടിലെ പലകാര്യങ്ങളും നടപ്പാക്കിയെന്ന് പറയുമ്പോഴും അവ ഏതൊക്കെയെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

മാധ്യമവാർത്തകൾ മാത്രമാണ് സഭകളുടെയും മുന്നിലുള്ളത്. കമ്മിഷൻ റിപ്പോർട്ടിൽ സർക്കാർ തുറന്ന മനസ്സോടെ ചർച്ചകൾ നടത്തുമെന്നാണ് പ്രതീക്ഷ. ജെ.ബി. കമ്മിഷനിലെ ശുപാർശകൾ മിക്കതും നിയമഭേദഗതി വേണ്ടവയാണ്. എന്നാൽ സർക്കാരിന്റെ കാലാവധി അവസാനിക്കാനിരിക്കെ ഇവ എങ്ങനെ നടപ്പാക്കും എന്നതിൽ അവ്യക്തതയുണ്ടെന്നും മെത്രാപ്പോലീത്താ പ്രതികരിച്ചു.



സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബത്തേരി മേഖല ഓർത്തഡോക്സ് കൺവെൻഷൻ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് ഉദ്ഘാടനം ചെയ്തു.



ജനാധിപത്യ കലാസാഹിത്യ വേദിയുടെ പ്രഥമ മാതൃഭാഷാരത്ന പുരസ്കാരം ബിനു കെ. സാമിന്. പത്തനംതിട്ട സെന്റ് മേരീസ് ഹൈസ്ക്കൂൾ ഭാഷാധ്യാപകനും രാജ്യാന്തര പരിശീലകനുമാണ് ബിനു കെ. സാം. ഭാഷയിലെ തെറ്റും ശരിയും പറയുന്ന പംക്തിയായ 'പതിരും കതിരി'ലൂടെ ശ്രദ്ധേയനായ ബിനു സംസ്ഥാന പാഠപുസ്തക സമിതിയംഗവും എൻസിഇആർടിയുടെ ആർട്ട് ഇന്റഗ്രേറ്റഡ് ലേണിംഗ് സ്റ്റേറ്റ് മാസ്റ്റർ ട്രെയിനറുമാണ്. തേക്കുതോട് സ്വദേശിയായ ഇദ്ദേഹം മികച്ച രക്തദാതാവിനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാര ജേതാവു കൂടിയാണ്.

മദ്ധ്യസ്ഥ പ്രാർത്ഥന

കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തുകൊണ്ടു നിൽക്കുന്നു.

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ്: വിശ്വാസ സംരക്ഷകനായ മഹാഗുരു

കോട്ടയം: മലങ്കര സഭയുടെ വിശ്വാസ സംരക്ഷകനായ മഹാഗുരുവായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് എന്ന് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 92-ാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് പഴയ സെമിനാരിയിൽ നടന്ന ചരിത്ര സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലങ്കര സഭയുടെ സ്വാതന്ത്ര്യവും തനിമയും സംരക്ഷിക്കുന്നതിനായി ജീവിതം സമ്പൂർണ്ണമായി അദ്ദേഹം സമർപ്പിച്ചു എന്നും പറഞ്ഞു.

സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ തോമസ് മാർ ഇവാനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ്, ഫാ. ഡോ. ജോസ് ജോൺ, പ്രസാദ് ഏബ്രഹാം നെൽപ്പുരയിൽ എന്നിവർ പ്രസംഗിച്ചു.

ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായുടെ പിതാവ് അന്തരിച്ചു



മാത്തൂർ: ഡോ. ഏബ്രഹാം മാർ സെറാഫിമിന്റെ പിതാവ് റിട്ട. എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ മാത്തൂർ വടുതല പുത്തൻ വീട്ടിൽ വി. എ. മാത്യൂസ് (തങ്കച്ചൻ, 87) അന്തരിച്ചു.

സഹധർമ്മിണി ആനി മാത്യൂസ് തിരുവല്ല കരായ്ക്കൽ കാട്ടുപറമ്പിൽ തുണ്ടിയിൽ കുടുംബാഗമാണ്. മറ്റു മക്കൾ: വി. എം. ബിജു (മദ്രാസ്), വി. എം. ബിന്നി (M.G. M. Technologies). മരുമക്കൾ മല്ലശ്ശേരി ഇടയാടിയിൽ ലിജി ബിജു, അയിരൂർ തെങ്ങുംതോട്ടത്തിൽ സൂസൻ ഫിലിപ്പോസ് തരകൻ (പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂൾ).

സംസ്ക്കാരം തുമ്പമൺ ഏറം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

ദൈവം

"നമ്മുടെ ഉൾക്കണ്ണുകൾ കൊണ്ട് ദൈവത്തെ കണ്ട് ദൈവത്തിങ്കലേക്കു നോക്കുന്നിടത്തോളം കാലം ഒരു ദോഷവും നമ്മോട് അടുക്കുകയില്ല. സകല ദോഷത്തിൽനിന്നും അവൻ നമ്മെ കാത്തുകൊള്ളും. നമുക്ക് അപത്തുണ്ടായാലും രോഗം ഉണ്ടായാലും ദാരിദ്ര്യം ഉണ്ടായാലും നമ്മുടെ കണ്ണു ദൈവത്തിൽ നിന്നു പറിക്കാതെ ജീവിക്കുന്നിടത്തോളം കാലം നമുക്കു യാതൊരു ദോഷത്തെയും ഭയന്നിട്ടു കാര്യമില്ല. പിതാവിന്റെ മനസ്സും ശ്രദ്ധയും ഹൃദയവും ദൃഷ്ടിയും എല്ലാ കുഞ്ഞുങ്ങൾക്കുമേൽ ഉണ്ടായിരിക്കും. ഇപ്രകാരമാണ് ദൈവവും അവന്റെ കുഞ്ഞുങ്ങളാകുന്ന നാം ഓരോരുത്തരെയും സ്നേഹിക്കുന്നത്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി